പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

(2014 ജൂലൈ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെ
വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട
ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

1083/2014.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I : | പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 34 |
| അനുബന്ധം II : | ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 56 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദ്ദീൻ

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹിദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

,, റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

,, എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ (2002-2003 മുതൽ 2004-2005 വരെയുള്ള) സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ഏപ്രിൽ മാസം 23-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 16.

# റിപ്പോർട്ട്

## മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

### കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് (1997-1998)

ഓഡിറ്റ് ഖണ്ഡിക

**തനത് ഫണ്ട്—വൗച്ചർ ഹാജരാക്കിയിട്ടില്ല**

1997-98 വർഷത്തിൽ തനത് ഫണ്ടിൽനിന്നും ചെലവ് ചെയ്ത 45,000 രൂപയുടെ ചെലവിന് അനുബന്ധമായ വൗച്ചറുകൾ, കൈപ്പറ്റു രസീത്, ഫയലുകൾ എന്നിവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത ചെലവുകളുടെ നിജസ്ഥിതി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക VII.I.10.1 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശത്തിന് അടിസ്ഥാനമായ സംഭവം നടന്ന സമയത്ത് ചാർജ് വഹിച്ചിരുന്ന സെക്രട്ടറി ശ്രീ. ടി. എം. ചെറിയക്കൻ റിട്ടയർ ചെയ്യുകയും അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തെന്ന് കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് നിയമസഭാ സമിതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് നോട്ടീസ് നൽകിയപ്പോൾ 40,000 രൂപയുടെ വൗച്ചർ ലഭ്യമാക്കിയതിനാൽ ആർ. ആർ. നടപടി നിർത്തിവയ്ക്കാൻ പഞ്ചായത്ത് സെക്രട്ടറി 2008-ൽ ഫയലിൽ നിർദ്ദേശം നൽകുകയും അതനുസരിച്ച് ജില്ലാ കളക്ടർക്ക് കത്തു നൽകുകയുമാണുണ്ടായതെന്ന് കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

2. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് വൗച്ചർ അടങ്ങിയ ഫയൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ആഗസ്റ്റ് 3-ാം തീയതി പരിശോധിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. എന്നാൽ ഒരു വൗച്ചർ മാത്രമേ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളുവെന്നും കൈപ്പറ്റ് രശീത്, ഫയലുകൾ എന്നിവയൊന്നും ഹാജരാക്കിയിട്ടില്ലായെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങിയതിനും ബാങ്ക് മുഖേന നൽകുന്ന ലോണിലേക്കുള്ള സബ്സിഡി തുകയ്ക്ക് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് കുനിയിൽ ബ്രാഞ്ച് മാനേജർക്ക് നൽകിയ ചെക്ക് എന്ന് രേഖപ്പെടുത്തിയ കണ്ടിജന്റ് ബില്ലും ആയത് അനുവദിച്ചുകൊണ്ടുള്ള സെക്രട്ടറിയുടെ 26-5-1997-ലെ 110/97 നമ്പർ ഉത്തരവും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതെന്നും

കിണർ/പമ്പ് സെറ്റ് എന്നിവയുടെ ഗുണഭോക്താക്കളുടെ പേരുവിവരം, ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചു കൊണ്ടുള്ള ബാങ്കിന്റെ ഉത്തരവ്, മോണിറ്ററിംഗ് റിപ്പോർട്ട്, കൈപ്പറ്റ് രശീത്, സബ്സിഡി തുക ഓരോ ഗുണഭോക്താവിന്റെയും വായ്പ തുകയിലേക്ക് ക്രമീകരിച്ച വിവരം കാണിക്കുന്ന ബാങ്കിന്റെ ഉത്തരവ്, ചെലവ് സാധൂകരിക്കുന്നതിനുള്ള രേഖകൾ എന്നിവയൊന്നും ഹാജരാക്കിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

4. എത്ര രൂപയാണ് ബാങ്കിൽ അടച്ചതെന്നും ആയതിന് രേഖയുണ്ടോ എന്നും സമിതി ആരാഞ്ഞതിന് 40,000 രൂപ ബാങ്കിൽ അടച്ചുവെങ്കിലും ആയതിന് രേഖയില്ലെന്നും ബാങ്കിന് കത്തു കൊടുത്തുവെങ്കിലും മറുപടി കിട്ടിയില്ലെന്നും കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ആർ. ആർ. നടപടി താൽക്കാലികമായി നിർത്തിവയ്ക്കാൻ നോട്ടീസ് നൽകിയ അന്നത്തെ സെക്രട്ടറിയുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും 40,000 രൂപ ബാങ്കിൽ അടച്ചതുമായി ബന്ധപ്പെട്ട് എന്തെങ്കിലും രേഖകൾ ബാങ്കിൽ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് സമിതിക്ക് മറുപടി നൽകണമെന്നും ആർ.ആർ. നടപടി നിർത്തിവയ്ക്കാൻ ഉത്തരവിട്ട മുൻ സെക്രട്ടറി ശ്രീ. അരവിന്ദാക്ഷനിൽനിന്നും ആയതിന്റെ വിശദീകരണം ആരായണമെന്നും സമിതി നിർദ്ദേശിച്ചു. 40,000 രൂപ ബാങ്കിൽ അടച്ചുവെന്നതിന് രേഖകൾ ഹാജരാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. ടി. എം. ചെറിയക്കന്റേയും, 5,000 രൂപയ്ക്ക് മുൻ സെക്രട്ടറി ശ്രീ. കെ. കമ്മുണ്ണിയുടെയും പേരിലുള്ള ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തി പണം ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. ഓഡിറ്റ് ഖണ്ഡികയിലെ പരാമർശത്തിനെതിരെ മുൻ സെക്രട്ടറി ശ്രീ. ടി. എം. ചെറിയക്കൻ സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

5. "2002-2003 വർഷ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ VII.I.10.1(i) നമ്പർ ഖണ്ഡികയുമായി ബന്ധപ്പെട്ട് റിട്ട. പഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി. എം. ചെറിയക്കൻ സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിൽ പറഞ്ഞ കാര്യങ്ങൾ ശ്രീ. ടി. എം. ചെറിയക്കന്റെ സാന്നിധ്യത്തിൽ 2-5-2011-ന് കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്തിൽവച്ച് പരിശോധിച്ചതിൻമേലുള്ള റിപ്പോർട്ട് താഴെ ചേർക്കുന്നു :

6. 1997-98-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37-ൽ സി.സി.ഡി.പി. പദ്ധതിയിൽ 40,000 രൂപ നൽകിയതിനർഹമായ രേഖകൾ ഓഡിറ്റ് സമയത്തും തുടർപരിശോധനകളിലും ലഭ്യമാക്കിയിരുന്നില്ല. തുടർന്ന് 29-1-2010-ലെ പ്രാദേശിക പരിശോധനാ സമയത്ത് സെക്രട്ടറിയുടെ 26-5-1997-ലെ 110/97 നമ്പർ ഉത്തരവും 50/27-5-2007 നമ്പർ വൗച്ചറും ഹാജരാക്കുകയുണ്ടായി. 8-9-2010-ന് സമിതിയുടെ തെളിവെടുപ്പ് നടക്കുന്നതുവരെയും തുക കൈപ്പറ്റിയതിന് ബാങ്കിന്റെ കൈപ്പറ്റ് രശീതി പോലും ലഭ്യമാക്കിയിരുന്നില്ല. 22-9-2010-ന് മാത്രമാണ് "40,000 രൂപ സി.സി.ഡി.പി. സബ്സിഡിയിനത്തിൽ നൽകുന്നതിനായി കൈപ്പറ്റി" എന്ന് രേഖപ്പെടുത്തിയ രശീതി ബാങ്ക് നൽകുന്നത് ചെലവ് തുക അംഗീകരിക്കുന്നതിനാവശ്യമായ രേഖകൾ ബഹു. സഭാ സമിതിക്ക് മുമ്പാകെയുള്ള തെളിവെടുപ്പിലും ഹാജരാക്കാൻ ഗ്രാമപഞ്ചായത്തിന്

കഴിയാതിരുന്നതിൽ നിന്നുതന്നെ രേഖകൾ ഓഡിറ്റ് വകുപ്പിനും മുമ്പ് നടന്ന ഒരു പരിശോധനാ വേളയിലും നൽകിയിരുന്നില്ലെന്ന് വ്യക്തമാണ്. 2-5-2011-ന് രേഖാമൂലം ശ്രീ. ടി. എം. ചെറിയക്കൻ റിട്ട. സെക്രട്ടറി നിലവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരോട് ഈ ചെലവുമായി ബന്ധപ്പെട്ട് എന്തെല്ലാം രേഖകളാണ് ലഭ്യമാക്കാനുള്ളത് എന്ന് എഴുതി സമർപ്പിക്കാനും പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ടതിനുമേൽ ബാങ്ക് അധികൃതരിൽനിന്നും ലഭിച്ച 13 പേർക്ക് ധനസഹായം നൽകിയതിന്റെ വിവരം ലഭ്യമാക്കിയിരുന്നു.

7. നിലവിലെ സെക്രട്ടറിയോട് ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാണോ എന്ന് ആരാഞ്ഞതിന് ഗ്രാമപഞ്ചായത്തിന്റെ 15-5-1997-ലെ 25(ബി) നമ്പർ തീരുമാനവും ലഭ്യമാക്കുകയുണ്ടായി :

(1) വ്യക്തിഗത ഗുണഭോക്തൃ പട്ടിക.

(2) വായ്പ അനുവദിച്ചു കൊണ്ടുള്ള ബാങ്കിന്റെ നടപടി ക്രമങ്ങളുടെ വിവരം.

(3) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്.

(4) സബ്സിഡി തുക ഓരോ ഗുണഭോക്താവിന്റെയും വായ്പയിലേക്ക് ക്രമീകരിച്ച വിവരം.

8. തുക ചെലവ് ചെയ്ത് 14 വർഷത്തോളമായിട്ടും ശേഖരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യാതെ ഓഡിറ്റ് വകുപ്പിന് എല്ലാ രേഖകളും നൽകിയിരുന്നുവെന്ന തെറ്റായ പ്രസ്താവനയാണ് ശ്രീ. ടി. എം. ചെറിയക്കൻ പരാതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കീഴുപ്പറമ്പ് ഗ്രാമപഞ്ചയത്തിന്റെ 15-5-1997-ലെ 25(ബി) നമ്പർ തീരുമാനത്തിൽ കൃഷി ഓഫീസറുടെ 8-5-1997-ലെ കെ.പി.കെ. 9/90-97 നമ്പർ കത്ത് പ്രകാരം 12 പമ്പ്സെറ്റിനും 11 കിണറിനുമുള്ള 57,500 രൂപയുടെ ബാങ്ക് വഴിയുള്ള സബ്സിഡി ക്ലെയിം ലിസ്റ്റ് പരിശോധിച്ച് അംഗീകരിച്ചിരുന്നു. 23 ഗുണഭോക്താക്കളുടെ പേരും തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 28-1-1997-ലെ കെ.പി.കെ. 9/96-97 നമ്പർ കത്ത് പ്രകാരം അയച്ച 80,000 രൂപയുടെ സബ്സിഡി വിതരണത്തിനായി 5(3)/28-2-1997 നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം 11-3-1997-ലെ ചെക്ക് പ്രകാരം കുനിയിൽ എസ്.എം.ജി.ബി. മാനേജർക്ക് 80,000 രൂപ നൽകിയെങ്കിലും അതിൽ വിനിയോഗിയ്ക്കാതെ ബാക്കി വന്ന 40,000 രൂപ പഞ്ചായത്ത് എസ്.ബി. അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതായും ഇപ്പോൾ ലഭിച്ചിട്ടുള്ള 5,500 രൂപയുടെ സബ്സിഡി ക്ലയിമിലേക്ക് എസ്.ബി. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത 40,000 രൂപ നൽകാനും ഇത്രയും തുക ചെലവഴിച്ചതിനുശേഷം പോരാതെ വരുന്ന തുക മാത്രം ട്രഷറിയിൽ നിന്നും ചെക്ക് മുഖേന എസ്.എം.ജി.ബി.-ക്ക് നൽകാനും തീരുമാനിച്ചിരുന്നതാണ്. 40,000 രൂപ നൽകിയതിനുശേഷം അതിന്റെ വിനിയോഗം സംബന്ധിച്ച രേഖകൾ വാങ്ങി സൂക്ഷിക്കാതെ 25-6-2009-ലെ 2(1/) നമ്പർ പഞ്ചായത്ത് യോഗ തീരുമാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ വിതരണം ചെയ്യാൻവേണ്ടി എസ്.എം.ജി.ബി. മാനേജർക്ക് നൽകിയതാകയാലും 27-5-1997-ലെ 50-ാം നമ്പർ വൗച്ചർ പ്രകാരം 40,000 രൂപ 3-6-1997-ന് ബാങ്ക് മാനേജർ പഞ്ചായത്ത്

എസ്.ബി. അക്കൗണ്ടിൽനിന്നും പിൻവലിച്ചതായി പാസ് ബുക്കിൽ രേഖപ്പെടുത്തിയതിനാലും ഈ ചെലവ് സംബന്ധിച്ച് പഞ്ചായത്തിൽ നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 40,000 രൂപയ്ക്കുള്ള കൈപ്പറ്റ് രശീതി മാത്രമാണ് നാളിതുവരെയായിട്ടും (രശീതി നൽകിയത് 22-9-2010-നാണ്) ഈ ചെലവിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ബാങ്ക് ലഭ്യമാക്കിയിരുന്നത് 23 പേരുടെ പട്ടികയിൽ നിന്നും ആർക്കൊക്കെയാണ് സബ്സിഡി നൽകിയത് എന്നോ എന്നാണ് സബ്സിഡി തുക വായ്പയിലേക്ക് ക്രമീകരിച്ചതെന്നോ സ്ഥിരീകരിക്കാതെയാണ് ബഹു. സഭാസമിതി മുമ്പാകെ പരാതി നൽകിയിട്ടുള്ളത്. 2-5-2011-ലെ പ്രാദേശിക പരിശോധനാ വേളയിൽ ശ്രീ. ടി. എം. ചെറിയക്കൻ ബാങ്കുമായി ബന്ധപ്പെട്ട ചെലവ് സംബന്ധിച്ച രേഖകൾ ശേഖരിച്ചു നൽകുമെന്ന് അറിയിക്കുകയും അവ ലഭ്യമാക്കുകയും ചെയ്തു.

9. ബാങ്ക് കൈപ്പറ്റിയതായി 22-9-2010-ലെ രശീതിയിൽ പറയുന്ന 40,000 രൂപയിൽ 13 പേർക്കായി 2,500 രൂപ വീതം 32,500 രൂപ വിനിയോഗിച്ചതായി ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പുവരുത്തി ക്രമീകരിക്കാനവശേഷിക്കുന്ന 7,500 രൂപ തിരികെ വാങ്ങിയതിന്റെ വിവരംകൂടി ലഭ്യമാക്കേണ്ടതുണ്ട്. മാത്രവുമല്ല ശ്രീ. ടി. എം. ചെറിയക്കന്റെ പേരിൽ 40,000 രൂപയും (പലിശയുൾപ്പെടെ 1,33,600 രൂപ) ഈടാക്കുന്നതിനായി സഭാ സമിതി തീരുമാന പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് 16-4-2011-ന് ശിപാർശ ചെയ്തിരിക്കുകയുമാണ്. ചെലവിന്റെ ഭാഗിക വിവരങ്ങൾ 2-5-2011-ന് ലഭ്യമാക്കിയതിനാൽ തുടർ നടപടികളിൽ മാറ്റം വരുത്തേണ്ടതുമാണ്. 40,000 രൂപ ബാങ്ക് കൈപ്പറ്റിയെന്ന് 22-9-2010-ലെ രശീതിയിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും അതിന്റെ ഭാഗിക വിനിയോഗ വിവരം 2-5-2011-ലെ കത്തിൽ റിപ്പോർട്ട് ചെയ്തതിനാലും അധികതുക 7,500 രൂപ പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലെങ്കിൽ ആയത് പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണ് എന്നും മറ്റ് നടപടികൾ ഒഴിവാക്കാവുന്നതുമാണ്.

10. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29-6-2011 കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

11. "(1) ശ്രീ. ചെറിയക്കൻ, ശ്രീ. കമ്മുണ്ണി എന്നിവരുടെ പേരിൽ റവന്യൂ റിക്കവറി നടപടിക്കുള്ള ശിപാർശ യഥാക്രമം 16-4-2011-നും 18-9-2010-നും നൽകുകയും തുടർനടപടികൾ നടന്നുവരികയുമാണ്. 40,000 രൂപയുടെ ചെലവ് സംബന്ധിച്ച് 2-5-2011-ലെ പ്രാദേശിക പരിശോധനാവേളയിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയതുപ്രകാരം 2,500 രൂപ വീതം 13 പേർക്ക് സബ്സിഡി തുക നൽകിയിട്ടുണ്ട്. 32,500 രൂപയുടെ ചെലവ് ആധികാരികമായി അംഗീകരിക്കാവുന്നതാണ്. അവശേഷിച്ച 7,500 രൂപ തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കാൻ നിലവിലെ സെക്രട്ടറിയോട് ആവശ്യപ്പെടാവുന്നതാണ് എന്നും ശിപാർശ ചെയ്യുന്നു. ശ്രീ. ചെറിയക്കന്റെ പേരിലുള്ള ആർ. ആർ നടപടി നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടികൾക്കും ബഹു. സഭാ സമിതിയോട് ശിപാർശ ചെയ്യാവുന്നതുമാണ്.

(2) ശ്രീ. അരവിന്ദാക്ഷൻ സെക്രട്ടറിക്ക് സമർപ്പിച്ച വിശദീകരണത്തിന്റെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

12. ശ്രീ. ടി. എം. ചെറിയക്കൻ ബഹു. നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിൻമേലുള്ള പരിശോധനാ റിപ്പോർട്ട് പ്രത്യേകം നൽകിയിട്ടുള്ളതുമാണ്."

നിഗമനങ്ങൾ/ശിപാർശകൾ

13. കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ₹ 45,000 ചെലവാക്കിയതിന് മതിയായ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്മേൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നോട്ടീസ് അയച്ചെങ്കിലും ടിയാൻ പ്രതികരിക്കുകയുണ്ടായില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനുള്ള നടപടി ആരംഭിച്ചപ്പോൾ ടിയാൻ ഹാജരാക്കിയ രേഖകൾ പ്രകാരം ₹ 40,000 സി.സി.ഡി.പി. പദ്ധതിയിൻകീഴിൽ തെങ്ങുകൃഷി വികസനത്തിന് കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും ബാങ്ക് മുഖേന നല്കുന്ന വായ്പയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കുന്ന സബ്സിഡി വിതരണത്തിനായി തനത് ഫണ്ടിൽ നിന്നും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചിട്ടുള്ളതാണെന്ന് തെളിയുന്നു.

14. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനാ വേളയിലോ സമിതിയുടെ 8-9-2010-ലെ തെളിവെടുപ്പ് യോഗസമയത്തോ ഓഡിറ്റ് തടസ്സം നീക്കുവാൻ സഹായകമായ യാതൊരു രേഖയും ഹാജരാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സമിതി നിർദ്ദേശിച്ചതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ പദ്ധതി പ്രകാരം 23 പേരെ ഗുണഭോക്താക്കളായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതായും സബ്സിഡി തുക ₹ 2,500 ആയി നിശ്ചയിച്ചിട്ടുള്ളതായും ഇതിനായി ₹ 40,000 സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് മാനേജർക്ക് നല്കിയിട്ടുള്ളതായും പറയുന്നു. എന്നാൽ, 22-9-2010 വരെയും തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നില്ലായെന്നും 2-5-2011-ലെ പ്രാദേശിക പരിശോധനാ വേളയിൽ നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 13 പേർക്കായി 2,500 രൂപ വീതം 32,500 രൂപ വിനിയോഗിച്ചതിന്റെ തെളിവായി പരാമർശിത കാലത്തെ സെക്രട്ടറി ബാങ്കുമായി ബന്ധപ്പെട്ട ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുകയുണ്ടായി എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ₹ 40,000 ബാങ്ക് കൈപ്പറ്റിയെന്ന് 22-9-2010-ലെ രശീതിയിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും അതിന്റെ ഭാഗിക വിനിയോഗ വിവരം 2-5-2011-ലെ കത്തിൽ റിപ്പോർട്ട് ചെയ്തതിനാലും അവശേഷിക്കുന്ന 7,500 രൂപ പഞ്ചായത്ത് ഫണ്ടിൽ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണെന്നും മറ്റു നടപടികൾ ഒഴിവാക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

15. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ ഉദ്യോഗസ്ഥരുടെ പേരിൽ ആരംഭിച്ച റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള എല്ലാ നടപടികളും പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നിർത്തിവച്ച സെക്രട്ടറിയുടെ പേരിലുള്ള നടപടിയും ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന 7,500 രൂപ പലിശസഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഈടാക്കി റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച 45,000 രൂപയിൽ 40,000 രൂപയുടെ വിനിയോഗം സംബന്ധിച്ച വിഷയത്തിലുള്ള റിപ്പോർട്ട് മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതും വൗച്ചർ നമ്പർ 342/31-3-1998 പ്രകാരം നടത്തിയിട്ടുള്ളതുമായ 5,000 രൂപയുടെ ചെലവ് സംബന്ധിച്ച കാര്യത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ടും അടിയന്തിരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഉപാധിരഹിത ഫണ്ട്—വിനിയോഗ ക്രമക്കേടുകൾ**

1996-97 വർഷത്തിൽ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ സെൻട്രൽ ബസാർ-ഹൈസ്കൂൾ റോഡ് ടാറിംഗ്, ന്യൂ ബസാർ-ഇരുമ്പൻകുളം റോഡ് ടാറിംഗ്, കിണറ്റിൽക്കണ്ടി-ഓത്തുപള്ളിപുറായ് ഫുട്പാത്ത് എന്നീ പ്രവൃത്തികൾക്ക് ആവശ്യത്തിലധികം മെറ്റൽ വാങ്ങിയ ഇനത്തിലും തൊഴിലാളികൾക്ക് കൂലി കൊടുത്ത ഇനത്തിലും (മതിയായ രേഖകൾ ഇല്ലാതെ) യഥാക്രമം 15,233, 10,623, 11,096 രൂപ അധികമായി ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ മൊത്തം ചെലവ് ചെയ്ത 36,952 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത് ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.1(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. ഓഡിറ്റ് വിഷയം സംബന്ധിച്ച മുൻ കീഴുപ്പറമ്പ് സെക്രട്ടറി ശ്രീ. കെ. കമ്മുണ്ണി ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടെന്നും കേസ് നമ്പർ WPC 12352/09 ആണെന്നും കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ കോടതി സ്റ്റേ സംബന്ധിച്ച രേഖകളൊന്നും കൈവശമില്ലെന്നും ടിയാൻ കൂട്ടിച്ചേർത്തു.

17. ഏതെല്ലാം നടപടികളാണ് സ്റ്റേ ചെയ്തത് എന്ന് സമിതി ആരാഞ്ഞതിന്, 1,06,840 രൂപയ്ക്ക് സ്റ്റേയുണ്ടെന്നും എല്ലാ പ്രവൃത്തികളും ചേർത്ത് 1,06,840 രൂപയ്ക്ക് ഒന്നിച്ചാണ് കളക്ടർക്ക് ആർ. ആർ. നോട്ടീസ് നൽകിയതെന്നും കളക്ടർക്ക് നൽകിയ അപേക്ഷയുടെ പകർപ്പ് കൈവശമുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ സെൻട്രൽ ബസാർ-ഹൈസ്കൂൾ

റോഡ് ടാറിംഗ്, ന്യൂ ബസാർ-ഇരുമ്പൻകുളം റോഡ് ടാറിംഗ്, കിണറ്റിൻകണ്ടി ഓത്തുപള്ളിപുറായ് ഫുട്പാത്ത് എന്നീ പ്രവൃത്തികൾക്കായി 15,233, 10,623, 11,096 എന്നിങ്ങനെ അധികമായ ചെലവ് ചെയ്ത തുക മതിയായ രേഖകൾ ഇല്ലാത്തതിനാൽ ഓഡിറ്റ് അംഗീകരിക്കുന്നില്ലെന്നും മൊത്തം 36,952 രൂപയുടെ ആർ.ആർ. നടപടികളാണ് സ്റ്റേ ചെയ്തതെന്നും ടിയാൻ കൂട്ടിച്ചേർത്തു.

18. 36,952 രൂപയിന്മേലുള്ള ആർ. ആർ. നടപടിക്ക് എന്നാണ് അപേക്ഷ നൽകിയതെന്ന സമിതിയുടെ ചോദ്യത്തിന്, 19-7-2008-ൽ ആണ് അപേക്ഷ നൽകിയതെന്നും അതിനെതിരെ ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങുകയാണുണ്ടായതെന്നും കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

19. റിക്കവറി നടപടികൾ സ്റ്റേ ചെയ്യാൻ കോടതിയിൽ പെറ്റീഷൻ നൽകിയിട്ടുണ്ടെങ്കിൽ അത് പരാതിക്കാരൻ പഞ്ചായത്തിനെ അറിയിക്കേണ്ടതായിരുന്നുവെന്നും പഞ്ചായത്തിനെയും സർക്കാരിനെയും പ്രതി ചേർക്കാതെ കേസ്സെടുക്കാൻ സാധിക്കില്ല എന്നും റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉത്തരവ് ഉണ്ടാക്കാമെന്നും സമിതി വ്യക്തമാക്കി.

20. ഹൈക്കോടതിയുടെ സ്റ്റേ ഓർഡർ ഫയലിൽ ലഭ്യമല്ലെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി.

21. ഈ കേസ്സിൽ കോടതി സ്റ്റേ ഉണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തി/വിനിയോഗം എന്നിവ സംബന്ധിച്ച റിക്കവറികളിന്മേലാണ് സ്റ്റേ ഉള്ളതെന്നും ആർക്കൊക്കെ എതിരെയാണ് ശ്രീ. കെ. കമ്മുണ്ണി കേസ് നൽകിയിട്ടുള്ളതെന്നും സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദമായ പരിശോധന നടത്തി, 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

22. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തിയതിന്റെ വിവരമോ അതുസംബന്ധിച്ച റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ലെന്നും 2-5-2011-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ഇതു സംബന്ധിച്ച വിവരം ലഭ്യമാക്കുവാനവശ്യപ്പെട്ടതിന് പരിശോധന നടത്തിയിട്ടുണ്ട്. 'റിപ്പോർട്ട് ലഭിച്ചിട്ടില്ല' എന്ന മറുപടിയാണ് ലഭ്യമാക്കിയതെന്നും സൂചിപ്പിച്ചിരിക്കുന്നു.

23. സമിതി യോഗത്തിന്റെ നിർദ്ദേശപ്രകാരം ഗവൺമെന്റിൽനിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

24. "കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 1997-1998 ഓഡിറ്റ് റിപ്പോർട്ടിൽ 38(1)(2)(3) ഖണ്ഡിക പ്രകാരം ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചു

നടത്തിയ താഴെ പറയുന്ന പ്രവർത്തികളിൽ മൊത്തം 36,943 രൂപ അനുവദിക്കുന്നില്ല എന്നത് ബോദ്ധ്യപ്പെടുകയുണ്ടായി :

(1) സെൻട്രൽ ബസാർ-ഹൈസ്കൂൾ റോഡ് ടാറിംഗ്—അടങ്കൽ തുക 2.5 ലക്ഷം വൗച്ചർ 100/31-7-1997 മെറ്റൽ തുക 7,477 (നടരാജൻ കെ.) വൗച്ചർ 268/4-2-1998 ടാർ വില 7,753 (കമ്മുണ്ണി കെ.) ആകെ 15,230.

(2) ന്യൂ ബസാർ-ഇരുമ്പൻകുളം റോഡ് ടാറിംഗ്—അടങ്കൽ—54,000 വൗച്ചർ 1677-10/97-10623 നടരാജൻ.

(3) കിണറ്റിൻകണ്ടി-ഓത്തുപള്ളിപുറായ് ഫുട്പാത്ത് പ്രവൃത്തിക്ക് വൗച്ചർ 279-19-2/98 11090—കമ്മുണ്ണി സെക്രട്ടറി ആകെ 36,943.

25. ആയതിൽ സെക്രട്ടറി കമ്മുണ്ണി 18,843 നടരാജൻ 18,100 എന്നിങ്ങനെ വേർതിരിച്ച് ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ 17-6-1997 മുതൽ 1-7-1997 വരെയും 20-8-1997 മുതൽ 7-8-2007 വരെയും 1-12-1997 മുതൽ 30-6-1998 വരെയുമുള്ള കാലത്ത് ശ്രീ. കമ്മുണ്ണിയും 2-7-1997 മുതൽ 19-8-1997 വരെയും 8-9-1997 മുതൽ 30-11-1997 വരെയുമുള്ള കാലത്ത് ശ്രീ. കെ. നടരാജനും സെക്രട്ടറിമാരായി ജോലി ചെയ്തിരുന്നു. ശ്രീ. കമ്മുണ്ണി എന്നയാൾ 13-2-2011-ന് മരണപ്പെട്ടുപോയിട്ടുള്ളതുമാണെന്ന് ബോധിപ്പിക്കുന്നു. ഓഫീസ് ഫയലുകൾ പരിശോധിച്ചതിൽ ശ്രീ. കമ്മൂണ്ണിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും ആയത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കയാണെന്ന് കോഴിക്കോട് ജില്ലാ കളക്ടർ 3-12-2010-ലെ സി4-47607/10 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് തുടർനടപടികൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിച്ചുതരുവാൻ ഈ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട് എന്നും അറിയിക്കുന്നു. ശ്രീ. നടരാജൻ സെക്രട്ടറിയുടെ പേരിൽ ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷിച്ചെങ്കിലും ആയതിന്റെ തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ലെന്ന് ഫയലിൽനിന്നും ബോദ്ധ്യമായ വിവരം അറിയിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**26. ഉപാധി രഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ സെൻട്രൽ ബസാർ-ഹൈസ്കൂൾ റോഡ് ടാറിംഗ്, ന്യൂ ബസാർ-ഇരുമ്പൻകുളം റോഡ് ടാറിംഗ്, കിണറ്റിൻകണ്ടി-ഓത്തുപള്ളിപുറായ് ഫുട്പാത്ത് എന്നീ പ്രവൃത്തികൾക്ക് ആവശ്യത്തിലധികം മെറ്റൽ വാങ്ങിയ ഇനത്തിലും തൊഴിലാളികൾക്ക് കൂലികൊടുത്ത ഇനത്തിലും 15,233 രൂപ, 10,623 രൂപ 11,096 രൂപ എന്നീ ക്രമത്തിൽ ആകെ 36,952 രൂപ ചെലവാക്കിയതായി സമിതി മനസ്സിലാക്കുന്നു.**

**27. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് പരാമർശ വിധേയമായ കാലത്തെ മുൻ സെക്രട്ടറിക്ക് നൽകിയ നിർദ്ദേശത്തിന്മേൽ വിശദീകരണം ലഭിക്കാതിരുന്നതിന്റെ വെളിച്ചത്തിൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടി ആരംഭിച്ചുവെങ്കിലും ആയതിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയതായി തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഒന്നും തദവസരത്തിൽ ഹാജരാക്കുകയുണ്ടായില്ല.**

28. റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്തിട്ടുള്ളപക്ഷം ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുവാൻ സമിതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സർക്കാർ മറുപടിയിൽ 1997-1998-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 38(1) പ്രകാരം ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ 36,943 രൂപയാണ് അനുവദിക്കുന്നതെന്നും ഈ തുക 18,843, 18,100 എന്നിങ്ങനെ വേർതിരിച്ച് പരാമർശവിധേയമായ കാലയളവിലെ രണ്ടു സെക്രട്ടറിമാരുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയിട്ടുള്ളതായും ടി തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുവാനുള്ള നടപടിക്കെതിരെ ഒരാൾ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുള്ളതായും ടിയാൻ 13-2-2011-ന് മരണപ്പെട്ടതായും രണ്ടാമത്തെ ഉദ്യോഗസ്ഥന്റെ പേരിലുള്ള റവന്യൂ റിക്കവറി അപേക്ഷയിന്മേൽ ബന്ധപ്പെട്ട തിരുവനന്തപുരം ജില്ലാകളക്ടറിൽനിന്നും യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു.

29. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തുകയും അവരുടെ പേരിലുള്ള ബാദ്ധ്യത തിട്ടപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെടുന്നു. എന്നാൽ, ടി ഉദ്യോഗസ്ഥരിൽനിന്നും നഷ്ടതുക ഈടാക്കാനുള്ള ആത്മാർത്ഥമായ ശ്രമം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോയെന്ന് സമിതി സംശയിക്കുന്നു. റവന്യൂ റിക്കവറി നടപടിക്ക് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചതിനുശേഷമുള്ള തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല എന്ന റിപ്പോർട്ട് സമിതിയുടെ സംശയത്തെ ബലപ്പെടുത്തുന്നു. കൂടാതെ, സ്റ്റേ ഉത്തരവ് നീക്കികിട്ടുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും റിപ്പോർട്ട് മൗനം പാലിക്കുന്നു.

30. ആയതിനാൽ, നഷ്ടത്തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അടിയന്തരമായി തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കോഴിക്കോട് ജില്ലാകളക്ടർ ആരംഭിച്ച റവന്യൂ റിക്കവറി നടപടിക്കുള്ള സ്റ്റേ ഉത്തരവ് നീക്കികിട്ടുവാനും പ്രസ്തുത കേസ് ഫയൽ ചെയ്തിട്ടുള്ള കക്ഷി മരണപ്പെട്ട സാഹചര്യത്തിൽ ആയതിന്മേൽ അടിയന്തരമായി അന്തിമ തീർപ്പ് ലഭ്യമാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ജനകീയാസൂത്രണം—പശുവളർത്തൽ—പ്രോജക്ട് വ്യതിചലനം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതാ ഗുണഭോക്താക്കൾക്കായി വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ അവഗണിച്ചുകൊണ്ട് എട്ട് പുരുഷൻമാർക്ക് 4,000 രൂപ വീതം ആകെ 32,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. അംഗീകരിച്ച പ്രോജക്ടിൽനിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ലാത്തതിനാൽ അനർഹർക്ക് നൽകിയ 32,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുഡയറക്ടറുടെ 2002-2003-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.1.(iii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. വനിതാ ഗുണഭോക്താക്കൾക്കായി വിഭാവനംചെയ്ത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പുരുഷന്മാർക്ക് വിതരണംചെയ്ത 32,000 രൂപയും നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ശ്രീ. അരുൺ ഷാജിയിൽനിന്നും തിരികെ ഈടാക്കിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചു ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**32. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വനിതകൾക്കായി വിഭാവനം ചെയ്ത പശുവളർത്തൽ പ്രോജക്ടിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ അവഗണിച്ച് 8 പുരുഷന്മാർക്ക് 4,000 രൂപ വീതം ആകെ 32,000 രൂപ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. വനിതകൾക്കായി വിഭാവനചെയ്ത പ്രോജക്ട് സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ മറ്റാവശ്യത്തിന് വിനിയോഗിച്ചത് ന്യായീകരിക്കത്തക്കതല്ല. പ്രോജക്ടിൽനിന്നും വ്യതിചലിച്ച് വിതരണംചെയ്ത 32,000 രൂപ നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽനിന്ന് റിക്കവറിമുഖേന ഈടാക്കിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തയ്യൽമെഷീൻ വിതരണം—അപാകതകൾ**

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്നതിന് 2,210 രൂപ നിരക്കിൽ 55,250 രൂപ ചെലവുചെയ്ത് 25 തയ്യൽമെഷീൻ ക്വട്ടേഷൻ പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ നിർവ്വഹണത്തെ സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ്, വിതരണം, കൈപ്പറ്റ് എന്നിവയുടെ കൃത്യതയും നിജസ്ഥിതിയും ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. തന്നെയുമല്ല, ഈ പ്രോജക്ട് പൂർണ്ണമായി നടപ്പാക്കിയിട്ടുള്ളതായും തോന്നുന്നില്ല. ആകയാൽ ടി ഇനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.1(iii).]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. തയ്യൽമെഷീൻ വിതരണംചെയ്തത് സംബന്ധിച്ചും, ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ചും, റവന്യൂ റിക്കവറി ഹൈക്കോടതി സ്റ്റേചെയ്തത് സംബന്ധിച്ചും രേഖകളൊന്നും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

34. ഈ വിഹിതം സംബന്ധിച്ച് വിശദമായി പരിശോധന നടത്തി 15 ദിവസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

35. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തിയതിന്റെ വിവരമോ അതുസംബന്ധിച്ച റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ലെന്നും 2-5-2011-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ഇതുസംബന്ധിച്ച വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് 'പരിശോധന നടത്തിയിട്ടുണ്ട്, റിപ്പോർട്ട് ലഭിച്ചിട്ടില്ല' എന്നാണ് മറുപടി നൽകിയതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

36. സമിതി യോഗത്തിന്റെ നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

37. "1997-98 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 40 പ്രകാരം തയ്യൽമെഷീൻ വിതരണം പ്രോജക്ടിന് അടങ്കൽ തുക 50,000 രൂപയാണെങ്കിലും വൗച്ചർ നമ്പർ 131/23-6-1998 പ്രകാരം 2,210 രൂപാ നിരക്കിൽ 25 തയ്യൽമെഷീന് ആകെ 55,250 രൂപ ചെലവഴിച്ചത് നിരാകരിച്ചതായി കാണുന്നു. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് മറ്റ് ഫയലുകളോ വൗച്ചറുകളോ ഒന്നും ലഭിച്ചിട്ടില്ല. മെഷീനുകൾ സ്റ്റോക്കെടുത്തതോ വിതരണം ചെയ്തതോ ആയ രേഖകളും ലഭിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴും പരിശോധിക്കാൻ കഴിഞ്ഞില്ല. മേൽ തുകയും നൽകിയിട്ടുള്ളത് ശ്രീ. കമ്മുണ്ണി സെക്രട്ടറിയായിരുന്ന കാലത്തുതന്നെയാണ്. ടി തുകകൂടി ഉൾപ്പെടുത്തിയാണ് ശ്രീ. കമ്മുണ്ണിക്കെതിരെ ആർ. ആർ. നടപടി സ്വീകരിച്ചിരിക്കുന്നത്. ആയത് ബഹു. ഹൈക്കോടതി സ്റ്റേചെയ്ത വിവരം കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിരിക്കുകയാണ്."

## നിഗമനങ്ങൾ/ശിപാർശകൾ

38. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്നതിന് 2,210 രൂപാ നിരക്കിൽ 55,250 രൂപാ ചെലവിൽ 25 തയ്യൽമെഷീൻ ക്വട്ടേഷൻ പ്രകാരം വാങ്ങിയതായി സമിതി മനസ്സിലാക്കുന്നു. ഈ പ്രോജക്ടിനെ സംബന്ധിച്ച ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് മുതലായ യാതൊരു രേഖകളും ലഭ്യമല്ലെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകുന്നതിന് തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല. സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽനിന്നും പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച ഫയലുകളോ വൗച്ചറുകളോ ഒന്നും ലഭ്യമല്ലെന്നും മെഷീനുകൾ സ്റ്റോക്കെടുത്തതോ വിതരണം ചെയ്തതോ ആയ രേഖകൾ ലഭിച്ചിട്ടില്ലെന്നും വ്യക്തമാകുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച ഈ ഇനത്തിലെ തുകകൂടി ഉൾപ്പെടുത്തിയാണ് തദവസരത്തിലെ സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടികൾക്ക് ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടെന്നും പരാമർശവിധേയമായ കാലയളവിലെ സെക്രട്ടറി മരണപ്പെട്ടുവെന്നും സമിതിക്ക് ബോദ്ധ്യമാകുന്നു. ആയതിനാൽ,

**ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിലെ നടപടികൾ ത്വരിതപ്പെടുത്താനും പഞ്ചായത്തിനുണ്ടായ നഷ്ടം എത്രയുംവേഗം ഈടാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി**

1997-98 വർഷത്തിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി മൊത്തം 75,804 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിരേഖയിൽ വിഭാവനം ചെയ്തിരുന്നതിൽനിന്നും വ്യത്യസ്തമായി, സാങ്കേതിക വിദഗ്ധരുടെയോ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയോ മറ്റു ബന്ധപ്പെട്ടവരുടെയോ ഉപദേശസഹായത്തോടെ കിണർ, ടാങ്ക്, പമ്പ് ഹൗസ് എന്നിവയുടെ പണി പൂർത്തിയാക്കിയതിനുശേഷമല്ല ഇത്രയും തുക ചെലവാക്കിയിരിക്കുന്നത്. കൂടാതെ ഈ ആവശ്യത്തിനായി വാങ്ങിക്കൂട്ടിയ പൈപ്പ് ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടുമില്ല. ഈ പ്രവൃത്തി പൂർത്തീകരിച്ചതായോ, വാങ്ങിയ സാധനങ്ങൾ മുഴുവൻ പ്രസ്തുത പണിക്കുവേണ്ടി ഉപയോഗിച്ചതായോ ഉള്ള രേഖകളും ഇല്ല. ആയതിനാൽ ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.1.10.1(iv).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

40. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

41. "പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തിയതിന്റെ വിവരമോ അതു സംബന്ധിച്ച റിപ്പോർട്ടോ ലഭ്യമായിട്ടില്ല. 2-5-2011-ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ഇതു സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നൽകിയത് 'പരിശോധന' നടത്തിയിട്ടുണ്ട്. 'റിപ്പോർട്ട് ലഭിച്ചിട്ടില്ല'. എന്നാണ്."

42. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

43. "1997-98 കാലയളവിൽ 2 ലക്ഷം രൂപ അടങ്കൽ തുകയിൽ തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതിയിൽ 75,804 രൂപ തടസ്സപ്പെടുത്തിയതായി കാണുന്നു. ആയതിനാൽ വൗച്ചർ നമ്പർ 6 തീയതി 22-4-1988 പ്രകാരം 25,000 രൂപ മുൻകൂറായി കൺവീനർ ടി. കെ. രാമൻകുട്ടിക്ക് നൽകിയിരിക്കുന്നു. വൗച്ചർ 80

തീയതി 10-6-1998 പ്രകാരം 50,804 രൂപ റെയ്ഡ്കോ-യിൽനിന്നും പൈപ്പുകൾ വാങ്ങുന്നതിന് നല്കിയതായും കാണുന്നു. ക്യാഷ്ബുക്ക് പ്രകാരം മേൽ ചെലവുകൾ നടത്തിയതായി ബോദ്ധ്യപ്പെട്ടു. മേൽ പ്രവൃത്തി സംബന്ധിച്ച് മറ്റ് രേഖകളോ സ്റ്റോക്ക് രജിസ്റ്ററോ ഒന്നുംതന്നെ ഹാജരാക്കാൻ ഇപ്പോഴത്തെ സെക്രട്ടറി ശ്രമിച്ചെങ്കിലും സാധിച്ചില്ല എന്ന് ബോധിപ്പിക്കുന്നു. മേൽ തുകയും ശ്രീ. കമ്മുണ്ണിക്കെതിരെയുള്ള ആർ.ആർ. നടപടിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും ആയത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും അറിയിക്കുന്നു".

### നിഗമനങ്ങൾ/ശിപാർശകൾ

44. **1997-98 വർഷത്തിൽ തറമ്മൽ ഹരിജൻ കോളനിയിൽ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി മൊത്തം 75,804 രൂപ ചെലവഴിച്ചത് സംബന്ധിച്ച വിശദവിവരം ആവശ്യപ്പെട്ടിരുന്നതിൻ പ്രകാരം ഡയറക്ടർ നൽകിയ മറുപടിയിൽ 25,000 രൂപ മുൻകൂറായി കൺവീനർക്ക് നൽകിയിരുന്നെന്നും 50,804 രൂപയ്ക്ക് റെയ്ഡ്കോയിൽ നിന്ന് പൈപ്പുകൾ വാങ്ങിയതായും കാണുന്നുണ്ടെന്നും ആയത് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയത് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ആയത് സംബന്ധിച്ച രേഖകളോ, സ്റ്റോക്ക് രജിസ്റ്ററോ ഹാജരാക്കുവാൻ നിലവിലെ സെക്രട്ടറിക്ക് കഴിയാത്തതിനാൽ പരാമർശവിധേയമായ കാലയളവിലെ സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി നടപടി ആരംഭിച്ചുവെന്നും ആയതി നെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവ് വാങ്ങിയിട്ടു ണ്ടെന്നും പ്രസ്തുത മറുപടിയിൽ പരാമർശിച്ചിരിക്കുന്നു.**

45. **പരാമർശവിധേയമായിട്ടുള്ള വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസ് എത്രയുംവേഗം തീർപ്പാക്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വൈദ്യുതീകരണം—പോസ്റ്റ് വില 1.17 ലക്ഷം കൺവീനർമാർക്ക്**

വൈദ്യുതീകരണ പദ്ധതിയിൽ പോസ്റ്റ് വില പണമായി ഗുണഭോക്തൃ സമിതി കൺവീനർമാർക്ക്.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ വലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയിലാണ് വൈദ്യുതി പോസ്റ്റിന്റെ വിലയായി പദ്ധതി വിഹിതം 1,17,500 രൂപ കൺവീനർമാർക്ക് നൽകിയത്.

പോസ്റ്റ് നിർമ്മിക്കാൻ വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടതിന് രേഖയില്ല. പോസ്റ്റുകൾ നിർമ്മിച്ചതിനോ, വൈദ്യുതീകരണം നടത്തിയതിനോ പിന്നീട് പോസ്റ്റു കളുടെ വില ബോർഡിൽനിന്നും മടക്കി നൽകിയതിന്റെയോ യാതൊരു വിവരങ്ങളും ലഭ്യമല്ല.

പദ്ധതി വിഹിതം പിൻവലിച്ച് ക്രമക്കേട് നടത്തിയതായി സംശയിക്കുന്നതിനാൽ അന്വേഷണം നടത്തി പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.10.I.13.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. ഇപ്പോൾ കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം നൽകാത്തതിനാൽ മുൻ സെക്രട്ടറി ശ്രീ. കെ. കമ്മൂണ്ണിക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് കളക്ടർക്ക് നോട്ടീസ് നൽകിയെന്നും ആർ.ആർ. നടപടി കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

47. പദ്ധതിക്കായി 1,17,500 രൂപ ചെലവഴിച്ചിട്ടുണ്ടോ, വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ, ഇക്കാര്യത്തിലുള്ള റവന്യൂ റിക്കവറി നടപടികൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ച് രണ്ടാഴ്ചയ്ക്കകം സമിതിക്ക് വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചു.

48. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

49. "പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തിയതിന്റെ വിവരമോ അതു സംബന്ധിച്ച റിപ്പോർട്ടോ ലഭ്യമായിട്ടില്ല. 2-5-2011-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ഇതു സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നൽകിയത് 'പരിശോധന നടത്തിയിട്ടുണ്ട്' 'റിപ്പോർട്ട് ലഭിച്ചിട്ടില്ല' എന്നാണ്".

50. സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

51. "ഓഡിറ്റ് റിപ്പോർട്ട് (1999-2000) ഖണ്ഡിക 15 പ്രകാരം വൈദ്യുതീകരണ പോസ്റ്റ് നിർമ്മാണച്ചെലവ് 1,17,500 രൂപ, ചെലവ് ചെയ്തത് നിരാകരിച്ചുകാണുന്നു. ബന്ധപ്പെട്ട ഫയലുകളോ, വൗച്ചറുകളോ ഒന്നുംതന്നെ പരിശോധനയ്ക്കായി ഹാജരാക്കാൻ ഇപ്പോഴത്തെ സെക്രട്ടറിക്ക് കഴിഞ്ഞിട്ടില്ല എന്ന് ബോധിപ്പിക്കുന്നു. ക്യാഷ്ബുക്ക് പരിശോധിച്ചതിൽ ടി തുക വിവിധ വ്യക്തികൾക്ക് നൽകിയതായാണ് കാണുന്നത്. ഇ. കെ. അറുമുഖൻ 47,500 കാരങ്ങാടൻ ഇബ്രാഹിം 21,250 അബ്ദുൾ സത്താർ 22,500 പി. നഫീസ 3,750, കുഞ്ഞാലികുട്ടി കെ. ടി. 17,500 വി.പി. അബ്ദുൾസലാം 5,000 എന്നിങ്ങനെ ആകെ 1,17,500 രൂപയാണ് നൽകിയിരുന്നത്. ഈ കാലയളവിൽ ശ്രീ. ഉക്കാസ് എം. സെക്രട്ടറിയാണ് ചുമതലയിലുള്ളത്. ടിയാനെതിരെ ആർ.ആർ. നടപടിക്ക് കോഴിക്കോട് ജില്ലാ കളക്ടറെ അറിയിച്ചു. നടപടി തുടരവെ ബഹു. ഹൈക്കോടതി സ്റ്റേചെയ്ത വിവരം ജില്ലാ കളക്ടർ 3-12-2010-ലെ സി.4-47607/10 കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. മേൽ നടപടിയിലെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാൻ ഈ ഓഫീസിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. ഇലക്ട്രിക് പോസ്റ്റുകൾ സ്വന്തമായി നിർമ്മിക്കുന്നതിനായി പഞ്ചായത്തുകൾക്ക് അനുമതിയില്ല. ഇതു സംബന്ധമായി പ്രത്യേക ഉത്തരവ് വാങ്ങിച്ചതായി കാണുന്നില്ല".

## നിഗമനങ്ങൾ/ശിപാർശകൾ

52. ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതി ലൈൻ സ്ഥാപിക്കൽ പദ്ധതിക്ക് അനുമതിയില്ലാതെ വൈദ്യുതി പോസ്റ്റ് നിർമ്മിക്കുന്നതിനായി ₹ 1,17,500 പദ്ധതി വിഹിതത്തിൽനിന്നും നല്കിയത് ജനകീയാസൂത്രണത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് ക്രമവിരുദ്ധമായി തുക അനുവദിച്ചുവെന്ന് മാത്രമല്ല പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയോ സമിതി യോഗതീരുമാന പ്രകാരമുള്ള ഓഡിറ്റിന്റെ പുനഃപരിശോധനാ വേളയിൽപ്പോലും ഹാജരാക്കുകയോ ചെയ്തില്ല എന്നത് സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശവിധേയമായ ഈ സംഗതിയിൻമേൽ യഥാസമയം തുടർനടപടി സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യഗ്രത കാണിക്കാത്തതിലൂടെ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു.

53. ഓഡിറ്റ് തടസ്സം ഉന്നയിച്ച തുകയായ ₹ 1,17,500 ആറ് വ്യക്തികൾക്ക് വ്യത്യസ്ത തുകയായി (₹ 47,500, ₹ 21,250, ₹ 22,500, ₹ 3,750, ₹ 17,500, ₹ 5,000) നല്കിയതായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച മറുപടി വ്യക്തമാക്കുന്നു. പ്രസ്തുത തുക പരാമർശവിധേയമായ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽനിന്ന് റവന്യൂ റിക്കവറി മുഖേന ഈടാക്കാനുള്ള നടപടി ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ടി റിപ്പോർട്ടിൽനിന്ന് ബോധ്യമാകുന്നു. എന്നാൽ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി പദ്ധതി വിഹിതത്തിൽ നിന്നും നല്കിയ ₹ 1,17,500 ചെലവഴിച്ചിട്ടുണ്ടോ, വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച് സമിതിയോഗം ആവശ്യപ്പെട്ട കാര്യങ്ങളിന്മേൽ സർക്കാർ മറുപടി മൗനംപാലിക്കുന്നു.

54. ആയതിനാൽ, ഇക്കാര്യം ഭരണവകുപ്പ് വിശദമായി അന്വേഷിക്കണമെന്നും ആറ് വ്യക്തികൾക്ക് തുക അനുവദിച്ചതിനുള്ള കാരണം, ഓരോ വ്യക്തിക്കും അനുവദിച്ച തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം, അവയുടെ വിനിയോഗം, പദ്ധതി വിഭാവനം ചെയ്തപ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ, എങ്കിൽ കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, ക്രമവിരുദ്ധമായി പദ്ധതിപ്പണം പിൻവലിച്ചതുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടിയിന്മേൽ ബഹു. ഹൈക്കോടതി അനുവദിച്ച സ്റ്റേ ഉത്തരവ് നീക്കിക്കിട്ടുവാൻ സ്വീകരിച്ച നടപടി, പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് (1999-2000)

ഓഡിറ്റ് ഖണ്ഡിക

**തനത് ഫണ്ട്—മരാമത്ത് പണികൾ—അധികതുക നൽകിയത് അംഗീകരിക്കുന്നില്ല**

1999-2000 വർഷം തനതു ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ വില്ലൂർ വലിയ എടവഴി-പറങ്കിമൂച്ചിക്കൽ റോഡ് റിപ്പയറിംഗ് 21,299 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ റോഡിൽ മണ്ണിട്ട് നികത്തുന്നതിന്, പണിസ്ഥലത്തുതന്നെ മണ്ണ് ലഭ്യമായിരുന്നു (കിളച്ച് മാറ്റിയ മണ്ണ്). 675.61 എം.3 മണ്ണ് 449/10 എം.3 എന്ന നിരക്കിൽ വില നൽകി കടത്തികൊണ്ടുവന്ന് നികത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ പണിസ്ഥലത്ത് ലഭ്യമായിരുന്ന 416.47 ക്യൂബിക് മീറ്റർ കിഴിച്ച് 259.14 ക്യൂബിക് മീറ്റർ മണ്ണ് മാത്രം കടത്തി കൊണ്ടുവന്നാൽ മതിയായിരുന്നു. വ്യക്തമായ മേൽനോട്ടത്തിന്റെ അഭാവത്തിൽ അധികമായി വില കൊടുത്ത് വാങ്ങേണ്ടി വന്ന 259.14 എം.3 മണ്ണിന്റെ (675.61-416.47) വില 21,299 രൂപ (ടെണ്ടർ അധികം ഉൾപ്പെടെ) ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക VII.I.10.2 (i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

55. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കിയെന്നാണ് നേരത്തെ അറിയിച്ചിരുന്നതെന്നും, എന്നാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഷ്ടം, തിരിച്ച് ഈടാക്കുന്നതിനായി ഉത്തരവാദികൾക്ക് 30-8-2010-ൽ രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ടെന്നും കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

### നിഗമനങ്ങൾ/ശിപാർശകൾ

**56. ഓഡിറ്റ് തടസ്സം ഒഴിവാക്കിയെന്ന ധാരണയിൽ മേൽനടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29-1-2003-ലെ പുനരഭിപ്രായകുറിപ്പുപ്രകാരം നഷ്ടത്തുക ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ ആവശ്യപ്പെട്ടതിന്മേൽ തുടർനടപടി സ്വീകരിച്ചത് 30-8-2010-ന് മാത്രമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത് പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ രക്ഷപ്പെടുത്തുവാനുള്ള ബോധപൂർവ്വമായ ശ്രമമായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനരഭിപ്രായകുറിപ്പിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയതിന്റെ കാരണം പരിശോധിച്ച് ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശനനടപടികൾ സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് ഉന്നയിച്ച നഷ്ടത്തുക ബന്ധപ്പെട്ട എഞ്ചിനീയറിൽനിന്നും പലിശസഹിതം തിരിച്ചു പിടിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജനകീയാസൂത്രണം—പൊതുമരാമത്ത് പണികൾക്ക് അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല**

ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ മതിലകംപടി-വി.സി.ബി. നിർമ്മാണം (1997-1998), വയനാട് റോഡ് പുരോഗതി (1999-2000), മത്സ്യചന്തയിലെ സ്റ്റാളുകളുടെ നിർമ്മാണം (1998-99) എന്നീ പണികൾക്ക് മൂല്യനിർണ്ണയ പ്രകാരം അനുവദിച്ച തുകയിലും അധികരിച്ച് യഥാക്രമം 94,186, 72,299, 26,626 എന്ന തോതിൽ ചെലവ് ചെയ്തതിനാൽ മൊത്തം 1,93,111 രൂപ പദ്ധതിപ്പണത്തിൽനിന്നും നഷ്ടം വന്നിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.2(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**58. ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനയിൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമിതി തീരുമാനത്തിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കിയെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാക്കുറിപ്പിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**മങ്കട ഗ്രാമപഞ്ചായത്ത് (1999-2000)**

ഓഡിറ്റ് ഖണ്ഡിക

**വീട് റിപ്പയർ—മൂല്യനിർണ്ണയം നടത്താതെ സാമ്പത്തിക ആനുകൂല്യം നൽകി**

D.P.C. ആദ്യം അംഗീകരിച്ച 25 ഹരിജൻവീടിന്റെ മേൽക്കൂര ഓട് മേയൽ എന്ന പ്രോജക്ട് ഭേദഗതി വരുത്തി 25 ഹരിജൻവീടുകൾക്ക് റിപ്പയർ എന്നാക്കി നടപ്പിൽ വരുത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) D.P.C. അംഗീകരിച്ച പ്രോജക്ടിൽ മാറ്റംവരുത്തിയതിന് D.P.C.-യുടെ സാധൂകരണം വാങ്ങിയിട്ടില്ല.

(2) പദ്ധതി വിഹിതം 1,400 തനതു ഫണ്ട് 210, കേന്ദ്രാവിഷ്കൃത വിഹിതം 1,890 ഗുണഭോക്തൃ വിഹിതം 1,500 (മൊത്തം 5,000) എന്ന നിരക്കിലാണ് ഓരോ വീടിനും അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 12 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയപ്പോൾ 60,000 രൂപയും പദ്ധതി വിഹിതത്തിൽ നിന്നുതന്നെ നൽകിയിരിക്കുകയാണ്.

(3) ഓരോ വീടും റിപ്പയർ ചെയ്ത് മൂല്യനിർണ്ണയം നടത്തിയിട്ടില്ല. റിപ്പയർ ചെയ്തവർക്കെല്ലാം ആനുകൂല്യം മൂല്യനിർണ്ണയം കൂടാതെ നൽകിയത് ശരിയായ രീതിയല്ല.

തനതു ഫണ്ട്, കേന്ദ്രാവിഷ്കൃത വിഹിതം എന്നിവ യഥാക്രമം 2,520 22,680 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വകമാറ്റി ചെലവഴിച്ച 25,200 (25,20+22,680) രൂപ ഈടാക്കി പദ്ധതി വിഹിതത്തിൽ മുതൽക്കൂട്ടണം. ഗുണഭോക്തൃ വിഹിതം പിരിക്കാതെ ആയിനത്തിൽ ചെലവഴിച്ച 18,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.3(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. മേൽക്കൂര ഓട് മേയൽ എന്ന പ്രോജക്ട് എങ്ങനെയാണ് വീടിന്റെ റിപ്പയർ എന്നാക്കി മാറ്റിയത് എന്നും അപ്രകാരം ഭേദഗതി വരുത്തിയ പ്രോജക്ടിന് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു. ഡി.പി.സി. ആദ്യം അംഗീകരിച്ച 25 ഹരിജൻവീടിന്റെ മേൽക്കൂര മേയൽ എന്ന പ്രോജക്ട് '25 ഹരിജൻവീടുകൾക്ക് റിപ്പയർ' എന്ന് ഭേദഗതി വരുത്തിയതിന് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചില്ലെന്നും വീടിന്റെ മേൽക്കൂര ഓടുമേയുക എന്നതും വീടിന്റെ റിപ്പയർ പ്രവൃത്തിയും ഒന്നുതന്നെയാണെന്ന ധാരണയിലാണ് പ്രോജക്ട് ഭേദഗതിക്ക് ഡി.പി.സി.-യുടെ അനുമതി വാങ്ങാതിരുന്നതെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിൽ മാറ്റംവരുത്തിയത് 20-8-2010-ലെ A1/4578/10 നമ്പർ കത്തുപ്രകാരം സാധൂകരണത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും മങ്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സർക്കാരിലേക്ക് സാധൂകരണത്തിന് അപേക്ഷിച്ചപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ തെളിവെടുപ്പിന് ശേഷം സർക്കാർതലത്തിൽ സാധൂകരണം നൽകാൻ നിയമസഭാ സമിതി നിർദ്ദേശം നൽകുകയാണെങ്കിൽ മാത്രം സാധൂകരണത്തിനായി അപേക്ഷ സമർപ്പിച്ചാൽ മതിയെന്നാണ് മറുപടി കത്തിലൂടെ അറിയിച്ചിരിക്കുന്നതെന്നും ടിയാൻ കൂട്ടിച്ചേർത്തു.

60. പദ്ധതിപ്രകാരം വ്യത്യസ്ത തുകകളിലായി രണ്ടുലക്ഷത്തി എഴുപതിനായിരം രൂപയാണ് വകയിരുത്തിയതെന്നും എന്നാൽ പിന്നീട് പദ്ധതി നടപ്പിലാക്കിയപ്പോൾ മേൽക്കൂര അപ്ഗ്രഡേഷൻ എന്നതിനുപകരം 'വീട് റിപ്പയർ' എന്നാക്കി മാറ്റിയതിനാൽ കേന്ദ്ര വിഹിതം 1,400 രൂപ, തനത് ഫണ്ട് 250 രൂപ ഗുണഭോക്തൃവിഹിതം 1,500 രൂപ എന്നിങ്ങനെ തുക വകയിരുത്തിയതിൽ വ്യത്യാസം വന്നിട്ടുണ്ടെന്നും 25 വീടുകളിൽ 12 വീടുകൾ മാത്രമാണ് റിപ്പയർ ചെയ്തതെന്നും മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി. പദ്ധതികൾക്ക് പ്ലാൻ ഫണ്ട് വിനിയോഗിക്കുമ്പോൾ സർക്കാരിന്റെ സാധൂകരണം ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രോജക്ട്, ഡി.പി.സി.-ക്ക് സമർപ്പിച്ചപ്പോൾ പ്രോജക്ടിന്റെ ഹെഡ്ഡിംഗ് മാറിപ്പോയതാണെങ്കിൽ അക്കാര്യം ഡി.പി.സി. റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

61. പ്ലാൻ ഫണ്ട് എങ്ങനെ ഉപയോഗിക്കണമെന്ന് തീരുമാനിക്കേണ്ടത് ഡി.പി.സി. ആയതിനാൽ പൂർത്തിയാക്കിയ 12 വീടുകളുമായി ബന്ധപ്പെട്ട ചെലവിന് ഡി.പി.സി.-യുടെ അംഗീകാരം വാങ്ങി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

62. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29-6-2011-ലെ എൽ. എഫ്. 14645/സ്പെ. സെൽ. ജി2/2010 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയുടെ 20-8-2010-ലെ എ1/4578/10 നമ്പർ കത്തിൽ ഡി.പി.സി.-യുടെ സാധൂകരണം തേടിയിരുന്നുവെങ്കിലും ലഭിച്ചിട്ടില്ലെന്നും 8-9-2010-ലെ സമിതി യോഗത്തിനുശേഷം ഇക്കാര്യത്തിൽ മങ്കട പഞ്ചായത്ത് സെക്രട്ടറി നടപടി ഒന്നും എടുത്തിട്ടില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**63. ഡി.പി.സി. ആദ്യം അംഗീകരിച്ച 25 ഹരിജൻവീടിന്റെ മേൽക്കൂര ഓടുമേയൽ എന്ന പദ്ധതി ഭേദഗതി വരുത്തി 25 ഹരിജൻവീടുകൾക്ക് റിപ്പയർ എന്നാക്കി മാറ്റിയതായും പ്രോജക്ടിന് മാറ്റം വരുത്തിയതിന് ഡി.പി.സി.-യുടെ സാധൂകരണം വാങ്ങിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിൽ മാറ്റംവരുത്തുമ്പോൾ ആയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുവാദം തേടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.**

**64. ആയതിനാൽ പരാമർശവിധേയമായ സംഗതിയിൽ പദ്ധതിയിൽനിന്ന് വ്യതിചലിച്ച് പൂർത്തിയാക്കിയ 12 വീടുകളുമായി ബന്ധപ്പെട്ട ചെലവിന് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണത്തിന് വിധേയമായി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പറപ്പൂർ ഗ്രാമപഞ്ചായത്ത് (1998-99)

ഓഡിറ്റ് ഖണ്ഡിക

**റോഡ് പുരോഗമനം—അധികനിരക്ക് നൽകി**

2,77,823 രൂപ ആകെ ചെലവുവന്ന ടി പ്രവൃത്തിയുടെ ഒന്നാം ഇനമായ കരാറുകാരന്റെ സ്വന്തം മണ്ണിട്ട് നികത്തുന്ന പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് 10 എം3ന് 447 രൂപയ്ക്ക് പകരം 942 രൂപ നൽകുകവഴി മൊത്തം 10,778 രൂപ അധികം നൽകിയിട്ടുണ്ട്.

കൂടാതെ വിൽപ്പനനികുതി രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരനിൽനിന്ന് വിൽപ്പനനികുതിയായി 5.88% കുറവ് ചെയ്യേണ്ടതിനുപകരം 2.1% മാത്രം കുറവ് ചെയ്തതിനാൽ സർക്കാരിന് 10,502 രൂപയുടെ നഷ്ടവും നേരിട്ടിട്ടുണ്ട്. ആയതിനാൽ 10,778 രൂപയും, 10,502 രൂപയും കരാറുകാരനിൽനിന്ന് ഈടാക്കി യഥാക്രമം പഞ്ചായത്ത് ഫണ്ടിലും സർക്കാർ ഫണ്ടിലും വരവുവയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.5(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. റോഡ് നിർമ്മാണത്തിന് അധികനിരക്ക് നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. എം. ഉക്കാസിന്റെ പേരിൽ സർച്ചാർജ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനെതിരെ ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കേസ് 6-10-2010-ൽ അടുത്ത ഹിയറിംഗിനായി വച്ചിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോടതിവിധി വരുന്നമുറയ്ക്ക് പ്രസ്തുത പരാമർശത്തിന്മേൽ തീരുമാനമെടുക്കാമെന്ന് സമിതി വ്യക്തമാക്കി.

## നിഗമനങ്ങൾ/ശിപാർശകൾ

**66. റോഡ് നിർമ്മാണത്തിന് അധികനിരക്ക് നൽകിയതുമായി ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ സർച്ചാർജ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനെതിരെ ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും 6-10-2010-ന് അടുത്ത ഹിയറിംഗിന് വച്ചിരിക്കുകയാണെന്നും തെളിവെടുപ്പ് യോഗത്തിൽ പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. ആയതിനാൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്മേൽ എത്രയും വേഗം തീർപ്പുണ്ടാകുന്നതിനും കോടതിവിധിയ്ക്കനുസരിച്ച് പ്രസ്തുത പരാമർശത്തിന്മേൽ തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിനുമുള്ള അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല—തുക തടസ്സത്തിൽ**

30-11-1998 മുതൽ 31-8-1999 വരെയുള്ള കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി പദ്ധതി വിഹിതത്തിൽനിന്നും ബി വിഭാഗം ഫണ്ടുകളിൽനിന്നും യഥാക്രമം 4,14,735 രൂപയും 5,66,336 രൂപയും ചെലവുചെയ്തിട്ടുണ്ട്. എന്നാൽ ടി ചെലവുകൾക്ക് അനുബന്ധമായ വൗച്ചറുകളും മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മൊത്തം 9,81,071 രൂപയുടെ ചെലവിന്റെ നിജസ്ഥിതി ഓഡിറ്റിൽ തിട്ടപ്പെടുത്താൻ ആയിട്ടില്ല. അനുബന്ധരേഖകളും വൗച്ചറുകളും ഇല്ലാതെ പൊതുപ്പണം ചെലവുചെയ്യുന്നത് അങ്ങേയറ്റം ക്രമരഹിതവും ഉത്തരവാദിത്വമില്ലായ്മയുമാണ്. മതിയായ രേഖകളുടെ അഭാവത്തിൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ, സ്റ്റോക്ക്, വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീത്, ഗുണഭോക്താക്കളുടെ വിവരങ്ങൾ, ടെന്ററിന്റെ വിശദാംശങ്ങൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി തയ്യൽ മെഷീൻ വാങ്ങാൻ ചെലവഴിച്ച 1,92,570 രൂപയും തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.5(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

67. 30-11-1998 മുതൽ 31-8-1999 വരെയുള്ള കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി പദ്ധതി വിഹിതത്തിൽനിന്നും ബി വിഭാഗം ഫണ്ടുകളിൽ നിന്നും യഥാക്രമം 4,14,735 രൂപയും 5,66,336 രൂപയും ചെലവാക്കിയതിന്റെ വൗച്ചറുകൾ ഹാജരാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്ന 23 വൗച്ചറുകൾ കാൺമാനില്ലെന്നും, അതിൽ 19 വൗച്ചറുകൾ മുൻ സെക്രട്ടറി ശ്രീ. നാരായണപിള്ളയുടെ കാലഘട്ടത്തിലും 2 വൗച്ചറുകൾ മുൻസെക്രട്ടറി ശ്രീ. മത്തായിയുടെ കാലത്തും ബാക്കി 2 വൗച്ചറുകൾ ശ്രീ. ഉക്കാസിന്റെ കാലഘട്ടത്തിലുമായിരുന്നുവെന്നും പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മേൽപ്പറഞ്ഞ മൂന്ന് സെക്രട്ടറിമാരെയും ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിവരമറിയിച്ചുവെങ്കിലും ശ്രീ. കെ. നാരായണപിള്ള മാത്രം വൗച്ചറുകൾ അടുത്ത ചുമതലയേറ്റ സെക്രട്ടറിയെ ഏൽപ്പിച്ചു എന്ന് കാണിച്ച് മറുപടി നൽകിയെന്ന് സെക്രട്ടറി കൂട്ടിച്ചേർത്തു.

68. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി ശിപാർശ ചെയ്യാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന്, ഗുണഭോക്താക്കളുടെ ലിസ്റ്റോ അന്നത്തെ മിനിട്സോ ഫയലിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. വ്യക്തമായ രേഖകൾ കണ്ടെത്താനാകാത്തതിനാലാണ് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാതിരുന്നത് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

69. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മുൻ സെക്രട്ടറിമാരായ ശ്രീ. മത്തായി, ശ്രീ. ഉക്കാസ്, ശ്രീ. നാരായണപിള്ള എന്നിവരുടെ പേരിൽ ബാധ്യത നിശ്ചയിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു.

70. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറിമാരുടെ പേരുവിവരങ്ങളും കാലയളവും ബാധ്യതയും കൃത്യമായി വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

71. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

72. എൽ.എഫ്./എം13/669/09 തീയതി 28-4-2011 നമ്പർ കത്ത് മുഖേന നഷ്ടത്തുക ബന്ധപ്പെട്ട സെക്രട്ടറിമാരിൽനിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ ഈടാക്കാൻ സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറിമാർക്ക് തുക തിരിച്ചടവാക്കാൻ 4-2-2011-ലെ എ.സി./883/04 നമ്പർ കത്ത് നൽകിയതിന് ശ്രീ. കെ. നാരായണപിള്ള മറുപടി നൽകിയിട്ടില്ല. ശ്രീ. എം. ഉക്കാസ് നൽകിയ മറുപടിയിൽ ടിയാൻ രേഖകളെല്ലാം കൈമാറിയിട്ടുണ്ട് എന്നും അതിനാൽ അടവാക്കാൻ ബാധ്യസ്ഥനല്ലെന്നും 8-2-11-ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശ്രീ. എം. വി. മത്തായി മുൻ സെക്രട്ടറിക്ക് നൽകിയ കത്ത് 'റെഫ്യൂസ്ഡ്' എന്ന കുറിപ്പോടെ

തപാൽ വകുപ്പ് തിരിച്ചയച്ചിരിക്കുകയാണ്. മറ്റ് നടപടികളൊന്നും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. വൗച്ചറുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് നിലവിലെ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നതുമാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

73. **വിവിധ ആവശ്യങ്ങൾക്കായി 30-11-1998 മുതൽ 31-8-99 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിൽനിന്നും ബി വിഭാഗം ഫണ്ടുകളിൽനിന്നും യഥാക്രമം 4,14,735 രൂപയും 5,66,336 രൂപയും ചെലവ് ചെയ്തതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ചെലവുകൾക്ക് ആധാരമായ വൗച്ചറുകളും മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മൊത്തം 9,81,071 രൂപയുടെ ഓഡിറ്റ് പരാമർശമാണ് വന്നിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കി.**

74. **വൗച്ചറുകളും അനുബന്ധരേഖകളും ഇല്ലാതെ പൊതുപ്പണം ചെലവ് ചെയ്യുന്നത് അങ്ങേയറ്റം ക്രമരഹിതവും ഉത്തരവാദിത്വമില്ലായ്മയുമാണെന്ന് സമിതി വിലയിരുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ചെലവുകൾ സംബന്ധിച്ച 23 വൗച്ചറുകൾ കാണാതായിട്ടുള്ളത്. ഓഡിറ്റ് തടസ്സം ഉന്നയിക്കപ്പെടുന്ന ക്രമവിരുദ്ധമായ ചെലവുകൾ നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി ശിപാർശ ചെയ്യാതിരുന്നതിന്റെ കാരണം സംബന്ധിച്ച വിശദീകരണം നല്കുവാൻ യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്കായില്ല. എന്നാൽ മതിയായ രേഖകൾ ലഭിച്ചാൽ മാത്രമേ നടപടി സ്വീകരിക്കുവാൻ സാധിക്കുക യുള്ളൂവെന്നാണ് യോഗത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുള്ളത്. ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ബാധ്യത നിശ്ചയിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാരുടെ പേരുവിവരങ്ങളും കാലയളവും ബാധ്യതയും കൃത്യമായും വ്യക്തമാക്കണമെന്നും സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 28-4-2011-ലെ പുനഃപരിശോധനാ റിപ്പോർട്ടിൻപ്രകാരം പഞ്ചായത്തിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട സെക്രട്ടറിമാരിൽനിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ ഈടാക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറിമാർക്ക് തുക തിരിച്ചടവാക്കാൻ 4-2-2011-ലെ എ.സി1/883/04 നമ്പർ കത്ത് നൽകിയതിന് ഒരാൾ മറുപടി നൽകിയിട്ടില്ലെന്നും ഒരു സെക്രട്ടറി നൽകിയ മറുപടിയിൽ ടിയാൻ രേഖകളെല്ലാം കൈമാറിയിട്ടുണ്ടെന്നും അതിനാൽ തുക അടവാക്കാൻ ബാധ്യസ്ഥനല്ലെന്നും മൂന്നാമത്തെ ആളിന് നൽകിയ കത്ത് 'റെഫ്യൂസ്ഡ്' എന്ന കുറിപ്പോടെ തപാൽവകുപ്പ് തിരിച്ചയച്ചിരിക്കുകയാണെന്നും മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും വൗച്ചറുകൾ ഒന്നും ലഭ്യമല്ലെന്നുമാണ് നിലവിലെ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് പ്രസ്താവിക്കുന്നു.**

75. **പദ്ധതി വിഹിതത്തിൽനിന്നും ബി വിഭാഗം ഫണ്ടുകളിൽ നിന്നുമായി 9,81,071 രൂപ മതിയായ രേഖകളോ വൗച്ചറുകളോ ഇല്ലാതെ ചെലവാക്കുകയും ഓഡിറ്റ് തടസ്സത്തിനും സമിതിയുടെ പരാമർശത്തിനും വിധേയമാവുകയും ചെയ്തിട്ടും ഉത്തരവാദികളായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ തികച്ചും**

ഉദാസീനമായ പ്രതികരണത്തെ സമിതി അതീവ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. പൊതുപ്പണം കൈകാര്യം ചെയ്യുവാൻ നിയുക്തരായ ഉദ്യോഗസ്ഥർ ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ട രേഖകൾ സൂക്ഷിക്കേണ്ടതും അനിവാര്യമാണ്. പരാമർശവിധേയമായ സംഗതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവ പാലിച്ചില്ല എന്നു മാത്രമല്ല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തേയും സമിതിയുടെ നിർദ്ദേശപ്രകാരം ലഭിച്ച വിശദീകരണ കത്തിനേയും തികഞ്ഞ അലംഭാവത്തോടെയും ലാഘവ ബുദ്ധിയോടെയുമാണ് സമീപിച്ചിരിക്കുന്നത് എന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത്. ഇക്കാര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവും സമിതിയോടുള്ള അനാദരവും പ്രകടമാകുന്നു. വ്യവസ്ഥാപിതമായ സർവ്വീസ് ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുവാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ പ്രതികരിക്കുവാനുള്ള ആത്മധൈര്യം ലഭിച്ചതിൽ സമിതി അത്ഭുതപ്പെടുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെ യാതൊരു വകുപ്പുതല നടപടിയും സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

76. ആയതിനാൽ, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുക ചെലവാക്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഓരോരുത്തരുടെയും ബാധ്യത നിശ്ചയിച്ച് ആയതിനാധാരമായ രേഖകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഹാജരാക്കാനും ഇക്കാര്യത്തിലുണ്ടായ അസാധാരണമായ കാലതാമസത്തിന് വിശദീകരണമാരായാനും വകുപ്പുതല നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. ചെലവായ തുകയ്ക്ക് മതിയായ രേഖകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഹാജരാക്കാത്തപക്ഷം പ്രസ്തുത തുക ടി ഉദ്യോഗസ്ഥരുടെ ബാധ്യതയായി പരിഗണിച്ച് റവന്യൂ റിക്കവറി നടപടിയിലൂടെ പലിശസഹിതം തിരികെപിടിക്കുവാനും വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**റോഡ് നിർമ്മാണം—അധികനിരക്ക് നൽകി—അനുവദിക്കുന്നില്ല**

JRY (1998-1999) ഫണ്ട് ഉപയോഗിച്ച് നടത്തിയ കുഴിപ്പുറം-മുക്കന്റെമാട് ആട്ടിരി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗും കൺസോളിഡേഷനും എന്ന ഇനത്തിന് പ്രാബല്യത്തിലുള്ള അനുവദനീയമായ നിരക്ക് 10 എം3-ന് 446.85 രൂപ മാത്രമായിരിക്കെ 832.58 രൂപ അനുവദിച്ചു നൽകുകവഴി ഫൈനൽ ബിൽ തുക നൽകിയപ്പോൾ 11,121 രൂപ അധികം നൽകിയിരിക്കുന്നു. അനുവദനീയമല്ലാത്ത നിരക്കിൽ നൽകിയ പ്രസ്തുത തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.5(iii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. എം. ഉക്കാസിന്റെ പേരിൽ സർച്ചാർജ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനെതിരെ ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ സമർപ്പിച്ചിരിക്കുന്ന പെറ്റീഷൻ 6-10-2010-ന് ഹിയറിംഗിനായി വച്ചിരിക്കുകയാണെന്നും പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കിയതിനെത്തുടർന്ന് കോടതിവിധി വരുന്നമുറയ്ക്ക് പ്രസ്തുത പരാമർശത്തിന്മേൽ തീരുമാനമെടുക്കാമെന്ന് സമിതി വ്യക്തമാക്കി.

### നിഗമനങ്ങൾ/ശിപാർശകൾ

**78. JRY ഫണ്ട് ഉപയോഗിച്ച് നടത്തിയ കുഴിപ്പുറം-മുക്കന്റെമാട് ആട്ടിരി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗും കൺസോളിഡേഷനും എന്ന ഇനത്തിന് പ്രാബല്യത്തിലുള്ള അനുവദനീയമായ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകിയ പേരിൽ സർച്ചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനെതിരെ ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് എത്രയുംവേഗം തീർപ്പാക്കുന്നതിനും കേസിൻമേലുള്ള കോടതി വിധിയനുസരിച്ച് തീരുമാനമെടുക്കുന്നതിനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് (1999-2000)

ഓഡിറ്റ് ഖണ്ഡിക

**അധികനിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല**

ഇരട്ടപ്പിലാവ്-മണ്ണാരക്കൽ ശിവക്ഷേത്രം റോഡ് ടാറിംഗ്, പെരുമണ്ണ വില്ലേജ് ഓഫീസ്-കുന്നത്തിയാൽ റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിലെ മണ്ണിട്ടു നികത്തൽ എന്ന ഇനത്തിനു അനുവദനീയമായതിലും അധികനിരക്കിൽ തുക നൽകിയതിനാൽ യഥാക്രമം 14,402 രൂപയും 10,697 രൂപയും അധിക ചെലവ് വന്നിട്ടുണ്ട്. അനുവദനീയമായ നിരക്കുകളുടെ വ്യക്തമായ പട്ടിക ഉണ്ടായിരുന്നിട്ടും അധികനിരക്ക് അനുവദിച്ചു നൽകുന്നത് പദ്ധതിപ്പണത്തിന്റെ ദുരുപയോഗമാണ്. ആകയാൽ ടി പ്രവൃത്തികളിൽ അധികം ചെലവഴിച്ച 25,099 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.6(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. അധികനിരക്ക് നൽകിയ 25,099 രൂപ, ഉത്തരവാദിയായ എഞ്ചിനീയർ ശ്രീ. വി. അബൂബക്കറിൽ നിന്നും ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെന്നും ആയതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ നിന്നും 3-7-2009-ൽ സ്റ്റേ ഉത്തരവ് വാങ്ങിയെന്നും 3-10-2009-ൽ സ്റ്റേ വെക്കേറ്റ് ചെയ്യാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. കേസിന്മേലുള്ള നടപടി തുടർന്നും സ്വീകരിച്ച് കേസിന്റെ തുടർന്നുള്ള അവസ്ഥ സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

80. പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. അബൂബക്കർ സമിതി മുമ്പാകെ ഹാജരാകുകയും പ്രസ്തുത പരാമർശം സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഹർജി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു. പരാതിയുടെ പകർപ്പ് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ ബോധിപ്പിച്ചു.

81. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സർക്കാർ മറുപടിയും അന്തിമപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു :

സർക്കാർ സ്വീകരിച്ച നടപടികൾ

82. ബന്ധപ്പെട്ട കേസ്സിൽ ബഹു. ഹൈക്കോടതി 5-10-2012-ന് അന്തിമവിധി പുറപ്പെടുവിക്കുകയും കോടതിവിധിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 16(3) വകുപ്പു പ്രകാരമോ ചട്ടം 20(3) പ്രകാരമോ അല്ല റവന്യൂ റിക്കവറി നടപടി എന്നതിനാൽ റവന്യൂ റിക്കവറി നടപടി തുടരാൻ കഴിയില്ല എന്ന് ഉത്തരവായിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ ഉദ്യോഗസ്ഥനായ ശ്രീ. വി. അബൂബക്കർ, മുൻ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ കോടതി പരാമർശിച്ച പ്രകാരം സർച്ചാർജ് നടപടി ഉണ്ടോ എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മലപ്പുറം ജില്ലാ ഓഫീസിൽ ആരാഞ്ഞിട്ടുണ്ടെന്നും ടിയാനെതിരെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടില്ല എന്ന് ഫോൺവഴിയുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ടി ഉദ്യോഗസ്ഥൻ 31-5-2001-ൽ സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ളതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട്

83. ശ്രീ. അബൂബക്കർ, വി., ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ. പി. (സി) 18826/09 നമ്പർ കേസിൽ 5-10-2012-ന് അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 16(3) വകുപ്പു പ്രകാരമോ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20(3) പ്രകാരമോ അല്ല റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളത്. ടി ഉദ്യോഗസ്ഥൻ 31-5-2001-ൽ സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ള കാര്യവും സമിതിയെ അറിയിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

84. **ഇരട്ടപ്പിലാവ്-മണ്ണാരക്കൽ ശിവക്ഷേത്രം റോഡ് ടാറിംഗ്, പെരുമണ്ണ വില്ലേജ് ഓഫീസ്-കുന്നത്തിയാൽ റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിലെ മണ്ണിട്ടു നികത്തൽ എന്ന ഇനത്തിനു അനുവദനീയമായതിലും അധികനിരക്കിൽ തുക നൽകിയ വകയിൽ 14,402 രൂപ, 10,697 രൂപ എന്നീ ക്രമത്തിൽ അധിക ചെലവ് വന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു. അനുവദനീയമായ നിരക്കുകളുടെ വ്യക്തമായ പട്ടിക ഉണ്ടായിരുന്നിട്ടും അധികനിരക്ക് അനുവദിച്ചു നൽകിയത് പൊതുപ്പണം ദുർവിനിയോഗം ചെയ്യലാണെന്ന് സമിതി മനസ്സിലാക്കുന്നു.**

85. **ഓഡിറ്റ് പരാമർശത്തിന് വിധേയനായ എഞ്ചിനീയറിൽനിന്ന് തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെങ്കിലും അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ അനന്തരനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണെന്നും സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ**

ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേലുള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനാവശ്യമായ അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം സംബന്ധിച്ച റിപ്പോർട്ടിൽ കേസ്സിന്റെ അന്തിമവിധി 5-10-2012-ന് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ 16(3) വകുപ്പ് പ്രകാരമോ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20(3) പ്രകാരമോ അല്ല റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ആയതിനാൽ ആർ. ആർ. നടപടി തുടരാൻ കഴിയില്ല എന്നുമാണ് കോടതി ഉത്തരവെന്നും സൂചിപ്പിച്ചിരിക്കുന്നു. ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെയും ചട്ടങ്ങളിലെയും ബന്ധപ്പെട്ട വകുപ്പുകൾ അനുശാസിക്കും പ്രകാരം ടിയാനിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടും ചട്ടങ്ങളും പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## പൊൻമള ഗ്രാമപഞ്ചായത്ത് (1998-1999)

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ വാങ്ങി കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ല—മുൻകൂർ തിരികെ ഈടാക്കണം**

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 1996-1997-ൽ ഉപാധിരഹിത ഫണ്ടിൽ നിന്നും മുൻകൂറുകൾ അനുവദിച്ചിരുന്നു. രണ്ടുവർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന ഈ പ്രവൃത്തികൾ 7 വർഷമായിട്ടും പൂർത്തീകരിച്ചിട്ടില്ല. ഭൗതികലക്ഷ്യം നേടാൻ കഴിയാതെ വൻതുകകൾ പാഴായിപ്പോവുകയാണ്. ഇത് പലിശയുൾപ്പെടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവുവയ്ക്കണം.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | മുൻകൂർ |
|---|---|---|
| 1 | ചുന്നൂർ-ചോക്കുളം റോഡ് | 19,370.00 |
| 2 | തലക്കാപ്പ് ചാപ്പനങ്ങാടി റോഡിൽ നെല്ലിക്കുന്ന് റോഡിലേക്ക് റോഡ് ലിങ്ക് | 31,620.00 |
| 3 | കുന്നുംകുറ്റി ബാലവാടി കെട്ടിടം | 24,997.00 |
| 4 | ചോൽക്കുളം-പനങ്ങാട്കുളം റോഡ് | 94,817.00 |
| 5 | മാണൂർ-ഫാത്വവ റോഡ് | 91,072.00 |
| 6 | പട്ടർക്കടവ്-പൂവാട്-മീങ്കല്ല് റോഡ് | 98,965.00 |
| 7 | ചുന്നൂർ സ്കൂൾ-മദ്രസ റോഡ് | 10,400.00 |
| 8 | ഉളിയക്കോട്-ക്ളാൻപുറം റോഡ് | 94,920.00 |
| 9 | പൊൻമള-പട്ടർക്കടവ് റോഡ് | 1,74,728.00 |
| | ആകെ | 6,40,889.00 |

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86. പഞ്ചായത്ത് സെക്രട്ടറി അവധിയായതിനാൽ ഹെഡ് ക്ലാർക്ക് (സെക്രട്ടറി-ഇൻ-ചാർജ്) ശ്രീ. എം. രാജേഷ് സമിതി മുമ്പാകെ ഹാജരായി. അൺടൈഡ് ഫണ്ടിൽ സാധനങ്ങൾ വാങ്ങിയത് ഫൈനലായി എഞ്ചിനീയർ ഒപ്പിട്ടിട്ടില്ല എന്നതാണ് ഓഡിറ്റ് ഒബ്ജക്ഷനെന്നും ഒമ്പത് പ്രവൃത്തികളിൽ ഒരെണ്ണം പൂർത്തിയായതായി കാണുന്നില്ലെന്നും സെക്രട്ടറി-ഇൻ-ചാർജ് സമിതിയിൽ വ്യക്തമാക്കി.

87. അൺടൈഡ് വർക്കുകൾ പരിശോധിക്കാൻ PWD-യുടെ ലോക്കൽ ബോഡി എഞ്ചിനീയർമാരുടെ ഒരു വിംഗ് നിലവിലുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

88. അൺടൈഡ് വർക്ക് മെഷർ ചെയ്യുന്നത് സെക്രട്ടറിമാരോ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന എഞ്ചിനീയറോ ആണെന്നും 9 പ്രവൃത്തികളിൽ ഒന്ന് രണ്ട് പ്രവൃത്തികൾ ചെക്ക് മെഷർ ചെയ്തിട്ടില്ലെന്നും ശ്രീ. ആർ. ബദറുദീൻ മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

89. പ്രവൃത്തിയുടെ അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇപ്പോഴത്തെ എഞ്ചിനീയറെക്കൊണ്ട് അളവുകൾ ശരിയാണോ എന്ന് പരിശോധിച്ച് ഒഴിവാക്കാമെന്ന് എസ്.പി.എ.ഒ. സമിതിയിൽ വ്യക്തമാക്കി.

90. ഓഫീസ് ഷിഫ്റ്റ് ചെയ്തതുമൂലം പല രേഖകളും മിസ് പ്ലേസ്ഡായി എന്നും എം. ബുക്കുകൾക്കായി വിശദമായി പരിശോധന നടത്താമെന്നും സെക്രട്ടറി-ഇൻ-ചാർജ് സമിതിയിൽ ഉറപ്പുനൽകി.

91. രേഖകൾ ഒരിക്കൽക്കൂടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും പൂർത്തിയാക്കാത്ത പ്രവൃത്തിക്ക് രേഖയില്ലെങ്കിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചു.

92. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

(1) സെക്രട്ടറിയുടെ 10-11-2010-ലെ എ1147/04 നമ്പർ കത്തിൽ അളവു പുസ്തകങ്ങൾ കണ്ടെത്താൻ സഹായിക്കണമെന്ന് മുൻ സെക്രട്ടറി ശ്രീ. എ. ബദറുദീനോട് ആവശ്യപ്പെട്ടതല്ലാതെ മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. അടിയന്തരനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാൻ സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്.

(2) രേഖകൾ പരിശോധിച്ച് പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതെന്ന് ഉറപ്പുവരുത്തി നഷ്ടത്തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

93. **ഉപാധിരഹിത ഫണ്ടിൽനിന്നും മെറ്റീരിയൽ വാങ്ങുന്നതിനുള്ള കൂലി ചെലവുകൾക്കായി സെക്രട്ടറി പിൻവലിച്ച തുകയ്ക്ക് ആധാരമായ വിധത്തിൽ മൂല്യനിർണ്ണയം നടത്തിയതിന്റെ അളവുപുസ്തകം, ഫയൽ എന്നിവ ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. രണ്ട് വർഷംകൊണ്ട് പൂർത്തിയാകേണ്ടിയിരുന്ന പദ്ധതികൾ 7 വർഷമായിട്ടും പൂർത്തീകരിച്ചിട്ടില്ല എന്നത് സമിതി വളരെ ഗൗരവത്തോടെ വീക്ഷിക്കുന്നു.**

94. **ഓഫീസ് ഷിഫ്റ്റ് ചെയ്തതുമൂലം പല രേഖകളും കാണാതായി എന്നും എം. ബുക്കുകൾ വിശദമായി പരിശോധന നടത്താമെന്നും സെക്രട്ടറി-ഇൻ-ചാർജ്ജ് തെളിവെടുപ്പു വേളയിൽ സമിതിക്ക് ഉറപ്പുനൽകിയിരുന്നു. രേഖകൾ ഒരിക്കൽക്കൂടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും പൂർത്തിയാക്കാത്ത പ്രവൃത്തിക്ക് രേഖയില്ലെങ്കിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു.**

95. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നടപടി ഒന്നും സ്വീകരിച്ചിട്ടില്ലെന്നും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതെന്ന് ഉറപ്പുവരുത്തി നഷ്ടത്തുക ഈടാക്കാനുള്ള നടപടികൾ ഒന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.**

96. **പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വ്യക്തമായ മറുപടി നൽകുവാനോ തുടർനടപടി സ്വീകരിക്കുവാനോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിൽ വീഴ്ചവരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പൂർത്തിയാക്കാത്ത പ്രവൃത്തിക്ക് രേഖയില്ലെങ്കിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കിയതിനുശേഷം സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ടാർ വില ഈടാക്കിയിട്ടില്ല—നഷ്ടം 19,071 രൂപ**

1996-97-ലെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ കോൽക്കളം-കടന്നാമുട്ടി റോഡിന്റെ പണി, ടാറിംഗ് ജോലിക്കാവശ്യമായ ടാറിന്റെ വിലയും റോളർ വാടകയും ഉൾപ്പെടെ പ്രാദേശിക നിരക്കിൽ ക്വട്ടേഷൻ സ്വീകരിച്ചാണ് നിർവ്വഹിച്ചത്. എന്നാൽ ടി ജോലിക്ക് 19,071 രൂപയുടെ ടാർ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ലഭ്യമാക്കിയ ടാറിന്റെ വില തിരിച്ച് ഈടാക്കേണ്ടതാണ്.

കൂടാതെ, ടി ടാറിന്റെ കാലിബാരൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടില്ലാത്ത തിനാൽ ആയിനത്തിൽ 1,400 രൂപ പഞ്ചായത്ത് ഫണ്ടിനും വിൽപ്പന നികുതി ഇനത്തിൽ 140 രൂപ സർക്കാരിനും നഷ്ടം വന്നിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97. കോൽക്കളം-കടന്നാമുട്ടി റോഡിന്റെ പ്രവൃത്തിക്കായി പഞ്ചായത്ത് ലഭ്യമാക്കിയ ടാറിന്റെ വിലയുടെ 19,071 രൂപ തിരിച്ച് ഈടാക്കാത്തതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന്, തനിക്കെതിരെ ഓഡിറ്റ് വകുപ്പ് സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും എന്നാൽ കരാറുകാരനായ ശ്രീ. എ. എം. ഹംസയ്ക്കാണ് ടാറിന്റെ തുക ലഭിച്ചതെന്നും ആയതിനാൽ പഞ്ചായത്ത് നോട്ടീസ് അദ്ദേഹത്തിന് നൽകി തുക തിരികെ ഈടാക്കണമെന്നും ടിയാൻ ഇപ്പോഴും പൊന്മള പഞ്ചായത്തിൽ വർക്ക് ചെയ്യുന്നുണ്ടെന്നും മുൻ സെക്രട്ടറി ശ്രീ. എ. ബദറുദ്ദീൻ സമിതിയിൽ മറുപടി നൽകി.

98. ശ്രീ. ബദറുദ്ദീനിൽ നിന്നും ഒരു സ്റ്റേറ്റ്മെന്റ് വാങ്ങിയശേഷം കരാറുകാരനായ ശ്രീ. എ. എം. ഹംസയ്ക്ക് പഞ്ചായത്ത് നോട്ടീസ് നൽകി. ടിയാനിൽ നിന്നും തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഈടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

99. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

100. ടാർ വില 19,071 രൂപയും കാലിബാരൽ വില 1,400 രൂപയും വിൽപ്പന നികുതി 140 രൂപയും 19-2-2011-ലെ 8021/60 നമ്പർ രശീതി പ്രകാരം ശ്രീ. എ. എം. ഹംസ അടവാക്കിയതായി പരിശോധിച്ചു ബോധ്യപ്പെട്ടു.

### നിഗമനങ്ങൾ/ശിപാർശകൾ

**101. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം, ടാർ വില 19,071 രൂപയും കാലിബാരൽ വില 1,400 രൂപയും വിൽപ്പന നികുതി 140 രൂപയും 19-2-2011-ലെ 8021/60 നമ്പർ രശീതി പ്രകാരം കരാറുകാരൻ തിരിച്ചടച്ചതായി പരിശോധിച്ചു ബോധ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**J.R.Y. പൂർത്തീകരിക്കാത്ത പദ്ധതികൾ**

പുളിയത്തോട് പാലം, പറങ്കിമൂച്ചിക്കൽ മിനി ശുദ്ധജല വിതരണ പദ്ധതി എന്നീ പ്രവൃത്തികൾക്കായി മൊത്തം 2,50,000 രൂപ (2,00,000 + 50,000) മുൻകൂറായി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും ടി പ്രവൃത്തികൾ പൂർത്തീകരിക്കുകയോ, മുൻകൂറുകൾ തിരിച്ചുപിടിക്കുകയോ ചെയ്തിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.10.7(iii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

102. പരാമർശവിധേയമായ രണ്ട് പ്രവൃത്തികളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമയത്ത് കൃത്യമായി രേഖകൾ ഹാജരാക്കാൻ സാധിച്ചിരുന്നില്ലെന്നും പൊൻമള സെക്രട്ടറി-ഇൻ-ചാർജ് സമിതിയിൽ വ്യക്തമാക്കി.

### നിഗമനങ്ങൾ/ശിപാർശകൾ

**103. പുളിയത്തോട് പാലം, പറങ്കിമൂച്ചിക്കൽ മിനി ശുദ്ധജല വിതരണ പദ്ധതി എന്നീ പ്രവൃത്തികൾക്കായി മൊത്തം 2,50,000 രൂപ മുൻകൂറായി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുകയോ മുൻകൂർ തിരിച്ചുപിടിക്കുകയോ ചെയ്തിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് പരാമർശ വിധേയമായ രണ്ട് പ്രവൃത്തികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമയത്ത് കൃത്യമായി രേഖകൾ ഹാജരാക്കാൻ സാധിച്ചില്ലായെന്നും സെക്രട്ടറി-ഇൻ-ചാർജ് തെളിവെടുപ്പുയോഗത്തിൽ ബോധിപ്പിക്കുകയുണ്ടായി.**

**104. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 3-9-2010-ലെ പുനഃപരിശോധനയിൽ അളവുപുസ്തകം 6/ജെ.ആർ.വൈ. 96975/9899 എന്നിവയിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയത് പരിശോധിക്കുകയും തൃപ്തികരമായി പൂർത്തിയാക്കിയതായി ബോധ്യപ്പെട്ടതായും ആയതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തേൻപറമ്പ് ശുദ്ധജല പദ്ധതിയിൽ ക്രമക്കേടുകൾ**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ; ഖണ്ഡിക 56)**

തേൻപറമ്പ് ശുദ്ധജല വിതരണ പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ. 1997-1998-ലെ പദ്ധതിക്ക് 1999-2000 വരെ 5,56,190 രൂപ ചെലവഴിച്ചിട്ടും ലക്ഷ്യം കണ്ടില്ല.

1.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ 1997-98-ലാണ് ഗുണഭോക്തൃ സമിതി പണി ഏറ്റെടുത്തത്. 81,000 രൂപ മുൻകൂർ കൈപ്പറ്റിയെങ്കിലും സമിതി പണി നടത്തിയില്ല. തുടർന്ന് 1999-2000-ൽ 4,99,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിലാണ് പണിതുടങ്ങിയത്. ഇതിനുശേഷവും 1997-98-ൽ നൽകിയ മുൻകൂർ- 81,000 ക്രമീകരിച്ചില്ല. ബഹു. ഓംബുഡ്സ്മാന്റെ 10-8-2001-ലെ ഒ. പി. 1072/01-ന്റെ വിധിക്ക് വിപരീതമായ നടപടിയാണിത്. വിധിയനുസരിച്ച്, മുൻകൂർ കൈപ്പറ്റി 45 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്തവരിൽ നിന്നും പ്രസ്തുത തീയതിക്ക് ശേഷം ബിൽ തീയതി വരെ 18% പലിശ ചുമത്തേണ്ടതാണ്.

1999-2000-ൽ പദ്ധതിക്ക് 3,19,653 രൂപ ചെലവ് കാണുന്നു. ഇതിൽ 1,27,000 രൂപ മുൻകൂർ നൽകിയതാണ്. എന്നാൽ ടാങ്ക് നിർമ്മിച്ചതായോ പൈപ്പ് വലിച്ചതായോ രേഖയില്ല. ചെലവിൽ ബാക്കി 1,92,653 രൂപ മോട്ടോർ/പൈപ്പ് വിലയാണെങ്കിലും, സെക്രട്ടറി നേരിട്ട് വാങ്ങിയ ഈ സാധനങ്ങൾ എം. ബുക്കിലോ സ്റ്റോക്ക് രജിസ്റ്ററിലോ ചേർത്ത് കാണുന്നില്ല. പദ്ധതി നിർവ്വഹണം സമഗ്രമായി അന്വേഷിക്കേണ്ടതും പാഴ്ച്ചെലവ് നിജപ്പെടുത്തേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ (3.10.9).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

105. ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ബദറുദ്ദീനിൽ നിന്നു നഷ്ടം ഈടാക്കുന്നതിന് സർച്ചാർജ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി-ഇൻ-ചാർജ് സമിതിയിൽ വ്യക്തമാക്കി.

106. മോട്ടോറും പമ്പ് സെറ്റും വാങ്ങാൻ 1,92,653 രൂപ റെയ്ഡ്കോയിൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായെങ്കിലും പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഒരാൾ 1,23,463 രൂപയുടെ പൈപ്പുകൾ ഏറ്റുവാങ്ങിയെന്ന്, തന്നെ കത്തുപ്രകാരം അറിയിച്ചുവെന്നും ബാക്കി 69,000-ത്തിൽപരം രൂപ റെയ്ഡ്കോ പഞ്ചായത്തിന് നൽകാനുണ്ടെന്നും എന്നാൽ പഞ്ചായത്ത് ചുമതലപ്പെടുത്തിയ വ്യക്തി യാതൊന്നും ചെയ്തിട്ടുമില്ലെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

107. പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് സമിതി ആരാഞ്ഞതിന് ടാങ്കിന്റെ വർക്കും കിണറിന്റെ പണിയും പൂർത്തിയായെന്നും 1999-2000-ൽ സാധനങ്ങൾ വാങ്ങാൻ തുക ഡെപ്പോസിറ്റ് ചെയ്തപ്പോഴാണ് പ്രശ്നമുണ്ടായതെന്നും സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

108. പൈപ്പിന് സെക്രട്ടറി തുക അടച്ചുവെങ്കിലും സെക്രട്ടറി അറിയാതെ പൈപ്പ് മറ്റാരോ വാങ്ങിക്കൊണ്ടു പോവുകയാണുണ്ടായതെന്ന് SPAO സമിതിയിൽ വിശദീകരിച്ചു. ഇക്കാര്യം ഇപ്പോൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടതെന്നും ഇതേക്കുറിച്ച് അന്വേഷണം നടത്താമെന്നും സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

109. ഓഡിറ്റ് പരാമർശവിഷയം സംബന്ധിച്ച് വ്യക്തമായ ധാരണയോടെയാവണം പഞ്ചായത്ത് സെക്രട്ടറിമാർ സമിതി മുമ്പാകെ തെളിവെടുപ്പിന് ഹാജരാകേണ്ടത് എന്നും സമിതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്കായി ഗവൺമെന്റ് സെക്രട്ടറിമാർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

110. **1997-1998-ലെ തേൻപറമ്പ് ശുദ്ധജലപദ്ധതിക്ക് 1999-2000 വരെ 5,56,190 രൂപ ചെലവഴിച്ചിട്ടും പണി പൂർത്തിയായില്ലെന്ന് സമിതി മനസ്സിലാക്കുന്നു. 1997-98-ൽ 1.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഗുണഭോക്തൃസമിതി പദ്ധതി ഏറ്റെടുത്ത് 81,000 രൂപ മുൻകൂർ കൈപ്പറ്റിയെങ്കിലും പണി നടത്തിയില്ലെന്ന് സമിതി നിരീക്ഷിച്ചു. 1999-2000-ൽ 4,99,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ പണി തുടങ്ങിയെങ്കിലും 1997-98-ൽ നൽകിയ മുൻകൂർ 81,000 രൂപ ക്രമീകരിച്ചില്ല. മുൻകൂർ കൈപ്പറ്റി 45 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്തവരിൽ നിന്നും പ്രസ്തുത തീയതിക്ക് ശേഷം ബിൽ തീയതി വരെ 18% പലിശ ചുമത്തി ഈടാക്കേണ്ടതാണെന്ന് ബഹു. ഓംബുഡ്സ്മാന്റെ 10-8-2001-ലെ ഒ. പി. 1072/ 01-ന്റെ വിധി നിലവിലുള്ളതായി സമിതി നിരീക്ഷിച്ചു. എന്നാൽ 1999-2000-ൽ പദ്ധതിക്ക് 3,19,653 രൂപ ചെലവ് കാണുന്നു. ഇതിൽ 1,27,000 രൂപ മുൻകൂർ നൽകിയതാണ്. എന്നാൽ ടാങ്ക് നിർമ്മിച്ചതായോ പൈപ്പ് വലിച്ചതായോ രേഖയില്ലെന്നും സെക്രട്ടറി നേരിട്ടുവാങ്ങിയ സാധനങ്ങൾ എം. ബുക്കിലോ സ്റ്റോക്ക് രജിസ്റ്ററിലോ ചേർത്ത് കാണുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു.**

111. **ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും നഷ്ടം ഈടാക്കുന്നതിന് സർച്ചാർജ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് തെളിവെടുപ്പ് യോഗത്തിൽ ഹാജരായ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം 1997-98 വർഷം അനുവദിച്ച 81,000 രൂപയുടെ മുൻകൂർ ഉപയോഗിച്ചു നടത്തിയ പ്രവൃത്തിയുടെ അളവ് ചെക്ക് മെഷർ ചെയ്തിട്ടില്ലെന്നും 21-5-2008-ലെ 5(12) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം 1,92,653 രൂപ 18% പലിശസഹിതം റവന്യൂ റിക്കവറി നടപടികളിലൂടെ മുൻ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് ഐകകണ്ഠ്യേന തീരുമാനിച്ചു എന്നും സൂചിപ്പിച്ചിരുന്നു. ആയതിൻ പ്രകാരം സെക്രട്ടറി 8-9-2008-ലെ എ1/147/08 നമ്പർ കത്ത് മുഖേന കൊല്ലം ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻമേലുള്ള തുടർ നടപടികൾ സെക്രട്ടറി ആരാഞ്ഞിട്ടില്ല. മുൻ സെക്രട്ടറിയുടെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചെങ്കിലും അദ്ദേഹം പ്രസ്തുത തുക അടവാക്കിയിട്ടില്ലെന്നും എന്നാൽ പ്രസ്തുത വിഷയത്തിൻമേൽ സെക്രട്ടറി തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് പരാമർശത്തിന് വിധേയനായ മുൻ സെക്രട്ടറിക്കെതിരെ എൽ.എഫ്/20104/സ്പെ.സെൽ/എസ്.സി.5/05 തീയതി 17-8-2009/19-8-2009 നമ്പർ പ്രകാരം സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച സാഹചര്യത്തിൽ സർച്ചാർജ് നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ**

പഞ്ചായത്ത് ഭരണസമിതി ഐകകണ്ഠ്യേന തീരുമാനമെടുക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിനുത്തരവാദിയായ മുൻ സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി നടപടിക്ക് ജില്ലാ കളക്ടറോട് ശിപാർശ ചെയ്തെങ്കിലും ഇക്കാര്യത്തിൽ യാതൊരു തുടർനടപടിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായ ബോധപൂർവ്വമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ റവന്യൂ റിക്കവറിയിലൂടെ നഷ്ടത്തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കർശന വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 16.

1083/2014.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *നിഗമനങ്ങൾ/ശിപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്ന് 45,000 രൂപ ചെലവാക്കിയതിന് മതിയായ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്മേൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നോട്ടീസ് അയച്ചെങ്കിലും ടിയാൻ പ്രതികരിക്കുകയുണ്ടായില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനുള്ള നടപടി ആരംഭിച്ചപ്പോൾ ടിയാൻ ഹാജരാക്കിയ രേഖകൾ പ്രകാരം 40,000 രൂപ സി.സി.ഡി.പി. പദ്ധതിയിൻകീഴിൽ തെങ്ങ്കൃഷി വികസനത്തിന് കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും ബാങ്ക് മുഖേന നല്കുന്ന വായ്പയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കുന്ന സബ്സിഡി വിതരണത്തിനായി തനത് ഫണ്ടിൽനിന്നും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചിട്ടുള്ളതാണെന്ന് തെളിയുന്നു. |
| 2 | 14 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനാ വേളയിലോ സമിതിയുടെ 8-9-2010-ലെ തെളിവെടുപ്പ് യോഗസമയത്തോ ഓഡിറ്റ് തടസ്സം നീക്കുവാൻ സഹായകമായ യാതൊരു രേഖയും ഹാജരാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സമിതി നിർദ്ദേശിച്ചതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പുനഃപരിശോധനാ റിപ്പോർട്ടിൽ പദ്ധതി പ്രകാരം 23 പേരെ ഗുണഭോക്താക്കളായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതായും സബ്സിഡി തുക 2,500 രൂപ ആയി നിശ്ചയിച്ചിട്ടുള്ളതായും ഇതിനായി 40,000 രൂപ രൂപ സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് മാനേജർക്ക് നല്കിയിട്ടുള്ളതായും പറയുന്നു. എന്നാൽ, 22-9-2010 വരെയും തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നില്ലായെന്നും 2-5-2011-ലെ പ്രാദേശിക പരിശോധനാ വേളയിൽ നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 13 പേർക്കായി 2,500 രൂപ വീതം 32,500 രൂപ വിനിയോഗിച്ചതിന്റെ തെളിവായി പരാമർശിത കാലത്തെ സെക്രട്ടറി ബാങ്കുമായി ബന്ധപ്പെട്ട ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുകയുണ്ടായി എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. 40,000 രൂപ ബാങ്ക് കൈപ്പറ്റിയെന്ന് 22-9-2010-ലെ രശീതിയിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും അതിന്റെ ഭാഗിക വിനിയോഗ വിവരം 2-5-2011-ലെ കത്തിൽ റിപ്പോർട്ടു ചെയ്തതിനാലും അവശേഷിക്കുന്ന 7,500 രൂപ പഞ്ചായത്ത് ഫണ്ടിൽ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണെന്നും മറ്റു നടപടികൾ ഒഴിവാക്കാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 3 | 15 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ ഉദ്യോഗസ്ഥരുടെ പേരിൽ ആരംഭിച്ച റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള എല്ലാ നടപടികളും പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നിർത്തിവച്ച സെക്രട്ടറിയുടെ പേരിലുള്ള നടപടിയും ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന 7,500 രൂപ പലിശസഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഈടാക്കി റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച 45,000 രൂപയിൽ 40,000 രൂപയുടെ വിനിയോഗം സംബന്ധിച്ച വിഷയത്തിലുള്ള റിപ്പോർട്ട് മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതും വൗച്ചർ നമ്പർ 342/31-3-1998 പ്രകാരം നടത്തിയിട്ടുള്ളതുമായ 5,000 രൂപയുടെ ചെലവ് സംബന്ധിച്ച കാര്യത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ടും അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 26 | ,, | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ സെൻട്രൽ ബസാർ-ഹൈസ്കൂൾ റോഡ് ടാറിംഗ്, ന്യൂബസാർ-ഇരുമ്പൻകുളം റോഡ് ടാറിംഗ്, കിണറ്റിൻകണ്ടി-ഓത്തുപള്ളിപുറായ് ഫുട്പാത്ത് എന്നീ പ്രവൃത്തികൾക്ക് ആവശ്യത്തിലധികം മെറ്റൽ വാങ്ങിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഇനത്തിലും തൊഴിലാളികൾക്ക് കൂലി കൊടുത്ത ഇനത്തിലും 15,233 രൂപ, 10,623 രൂപ 11,096 രൂപ എന്നീ ക്രമത്തിൽ ആകെ 36,952 രൂപ ചെലവാക്കിയതായി സമിതി മനസ്സിലാക്കുന്നു. |
| 5 | 27 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് പരാമർശ വിധേയമായ കാലത്തെ മുൻ സെക്രട്ടറിക്ക് നൽകിയ നിർദ്ദേശത്തിന്മേൽ വിശദീകരണം ലഭിക്കാതിരുന്നതിന്റെ വെളിച്ചത്തിൽ ടിയാനെതിരെ റവന്യൂ റക്കവറി നടപടി ആരംഭിച്ചു എങ്കിലും ആയതിനെതിരെ ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് നേടിയതായി തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഒന്നും തദവസരത്തിൽ ഹാജരാക്കുകയുണ്ടായില്ല. |
| 6 | 28 | " | റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്തിട്ടുള്ളപക്ഷം ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുവാൻ സമിതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സർക്കാർ മറുപടിയിൽ 1997-1998-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 38(1) പ്രകാരം ഉപാധി രഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ 36,943രൂപയാണ് അനുവദിക്കുന്നതെന്നും ഈ തുക 18,843, 18,100 എന്നിങ്ങനെ വേർതിരിച്ച് പരാമർശവിധേയമായ കാലയളവിലെ രണ്ടു സെക്രട്ടറിമാരുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയിട്ടുള്ളതായും ടി തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുവാനുള്ള നടപടിക്കെതിരെ ഒരാൾ ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുള്ളതായും ടിയാൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 13-2-2011-ന് മരണപ്പെട്ടതായും രണ്ടാമത്തെ ഉദ്യോഗസ്ഥന്റെ പേരിലുള്ള റവന്യൂ റിക്കവറി അപേക്ഷയിന്മേൽ ബന്ധപ്പെട്ട തിരുവനന്തപുരം ജില്ലാ കളക്ടറിൽനിന്നും യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. |
| 7 | 29 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തുകയും അവരുടെ പേരിലുള്ള ബാദ്ധ്യത തിട്ടപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെടുന്നു. എന്നാൽ, ടി ഉദ്യോഗസ്ഥരിൽനിന്നും നഷ്ടത്തുക ഈടാക്കാനുള്ള ആത്മാർത്ഥമായ ശ്രമം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോയെന്ന് സമിതി സംശയിക്കുന്നു. റവന്യൂ റിക്കവറി നടപടിക്ക് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചതിനുശേഷമുള്ള തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല എന്ന റിപ്പോർട്ട് സമിതിയുടെ സംശയത്തെ ബലപ്പെടുത്തുന്നു. കൂടാതെ, സ്റ്റേ ഉത്തരവ് നീക്കികിട്ടുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും റിപ്പോർട്ട് മൗനം പാലിക്കുന്നു. |
| 8 | 30 | „ | ആയതിനാൽ, നഷ്ടത്തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനായി തിരുവനന്തപുരം ജില്ലാ കലക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അടിയന്തരമായി തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കോഴിക്കോട് ജില്ലാ കളക്ടർ ആരംഭിച്ച റവന്യൂ റിക്കവറി നടപടിക്കുള്ള സ്റ്റേ ഉത്തരവ് നീക്കി കിട്ടുവാനും പ്രസ്തുത കേസ് ഫയൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെയ്തിട്ടുള്ള കക്ഷി മരണപ്പെട്ട സാഹചര്യത്തിൽ ആയതിന്മേൽ അടിയന്തരമായി അന്തിമ തീർപ്പ് ലഭ്യമാ ക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 32 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതക്കൾക്കായി വിഭാവനം ചെയ്ത പശുവളർത്തൽ പ്രോജക്ടിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ അവഗണിച്ച് 8 പുരുഷന്മാർക്ക് 4,000 രൂപ വീതം ആകെ 32000 രൂപ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു വനിതകൾക്കായി വിഭാവന ചെയ്ത പ്രോജക്ട് സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ മറ്റാവശ്യത്തിന് വിനിയോഗിച്ചത് ന്യായീകരിക്കത്തക്കതല്ല. പ്രോജക്ടിൽനിന്നും വ്യതിചലിച്ച് വിതരണം ചെയ്ത 32,000 രൂപ നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്ന് റിക്കവറി മുഖേന ഈടാക്കിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 38 | " | ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്നതിന് 2,210 രൂപ നിരക്കിൽ 55,250 രൂപ ചെലവിൽ 25 തയ്യൽ മെഷീൻ ക്വട്ടേഷൻ പ്രകാരം വാങ്ങിയതായി സമിതി മനസ്സിലാക്കുന്നു. ഈ പ്രോജക്ടിനെ സംബന്ധിച്ച ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് മുതലായ യാതൊരു രേഖകളും ലഭ്യമല്ലെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വ്യക്തമായ മറുപടി നൽകുന്നതിന് തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല. സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽനിന്നും പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച ഫയലുകളോ വൗച്ചറുകളോ ഒന്നും ലഭ്യമല്ലെന്നും മെഷീനുകൾ സ്റ്റോക്കെടുത്തതോ വിതരണം ചെയ്തതോ ആയ രേഖകൾ ലഭിച്ചിട്ടില്ലെന്നും വ്യക്തമാകുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ച ഈ ഇനത്തിലെ തുക കൂടി ഉൾപ്പെടുത്തിയാണ് തദവസരത്തിലെ സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടികൾക്ക് ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടെന്നും പരാമർശ വിധേയമായ കാലയളവിലെ സെക്രട്ടറി മരണപ്പെട്ടുവെന്നും സമിതിക്ക് ബോദ്ധ്യമാകുന്നു. ആയതിനാൽ, ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിലെ നടപടികൾ ത്വരിതപ്പെടുത്താനും പഞ്ചായത്തിനുണ്ടായ നഷ്ടം എത്രയും വേഗം ഈടാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 44 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 1997-98 വർഷത്തിൽ തറമ്മൽ ഹരിജൻ കോളനിയിൽ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി മൊത്തം 75,804 രൂപ ചെലവഴിച്ചത് സംബന്ധിച്ച വിശദ വിവരം ആവശ്യപ്പെട്ടിരുന്നതിൻ പ്രകാരം ഡയറക്ടർ നൽകിയ മറുപടിയിൽ 25,000 രൂപ മുൻകൂറായി കൺവീനർക്ക് നൽകിയിരുന്നെന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 50,804 രൂപയ്ക്ക് റെയ്ഡ്കോയിൽ നിന്ന് പൈപ്പുകൾ വാങ്ങിയതായും കാണുന്നുണ്ടെന്നും ആയത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ആയത് സംബന്ധിച്ച രേഖകളോ, സ്റ്റോക്ക് രജിസ്റ്ററോ ഹാജരാക്കുവാൻ നിലവിലെ സെക്രട്ടറിക്ക് കഴിയാത്തതിനാൽ പരാമർശവിധേയമായ കാലയളവിലെ സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി നടപടി ആരംഭിച്ചുവെന്നും ആയതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽനിന്ന് സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. |
| 12 | 45 | കീഴൂപ്പറമ്പ് ഗ്രാമപഞ്ചായത്ത് | പരാമർശവിധേയമായിട്ടുള്ള വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസ് എത്രയും വേഗം തീർപ്പാക്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 52 | ” | ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതിലൈൻ സ്ഥാപിക്കൽ പദ്ധതിക്ക് അനുമതിയില്ലാതെ വൈദ്യുതി പോസ്റ്റ് നിർമ്മിക്കുന്നതിനായി 1,17,500 രൂപ പദ്ധതി വിഹിതത്തിൽനിന്നും നല്കിയത് ജനകീയാസൂത്രണത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് ക്രമവിരുദ്ധമായി തുക അനുവദിച്ചു എന്ന് മാത്രമല്ല പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയോ സമിതി യോഗ തീരുമാനപ്രകാരമുള്ള ഓഡിറ്റിന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പുനഃപരിശോധനാ വേളയിൽപോലും ഹാജരാക്കുകയോ ചെയ്തില്ല എന്നത് സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശ വിധേയമായ ഈ സംഗതിയിൻമേൽ യഥാസമയം തുടർനടപടി സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യഗ്രത കാണിക്കാത്തതിലൂടെ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. |
| 14 | 53 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സം ഉന്നയിച്ച തുകയായ 1,17,500 രൂപ ആറ് വ്യക്തികൾക്ക് വ്യത്യസ്ത തുകയായി ( 47,500 രൂപ, 21,250 രൂപ , 22,500 രൂപ , 3,750 രൂപ, 17,500 രൂപ, 5,000 രൂപ) നല്കിയതായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച മറുപടി വ്യക്തമാക്കുന്നു. പ്രസ്തുത തുക പരാമർശവിധേയമായ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് റവന്യൂ റിക്കവറി മുഖേന ഈടാക്കാനുള്ള നടപടി ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ടി റിപ്പോർട്ടിൽനിന്ന് ബോദ്ധ്യമാകുന്നു. എന്നാൽ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പദ്ധതി വിഹിതത്തിൽ നിന്നും നല്കിയ 1,17,500 രൂപ ചെലവഴിച്ചിട്ടുണ്ടോ, വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച് സമിതി യോഗം ആവശ്യപ്പെട്ട കാര്യങ്ങളിന്മേൽ സർക്കാർ മറുപടി മൗനം പാലിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | 54 | കീഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ആയതിനാൽ, ഇക്കാര്യം ഭരണവകുപ്പ് വിശദമായി അന്വേഷിക്കണമെന്നും ആറ് വ്യക്തികൾക്ക് തുക അനുവദിച്ചതിനുള്ള കാരണം, ഓരോ വ്യക്തിക്കും അനുവദിച്ച തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം, അവയുടെ വിനിയോഗം, പദ്ധതി വിഭാവനം ചെയ്തപ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ, എങ്കിൽ കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, ക്രമവിരുദ്ധമായി പദ്ധതി പണം പിൻവലിച്ചതുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടിയിന്മേൽ ബഹു. ഹൈക്കോടതി അനുവദിച്ച സ്റ്റേ ഉത്തരവ് നീക്കി കിട്ടുവാൻ സ്വീകരിച്ച നടപടി, പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 56 | കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സം ഒഴിവാക്കിയെന്ന ധാരണയിൽ മേൽനടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 29-1-2003-ലെ പുനരഭിപ്രായകുറിപ്പു പ്രകാരം നഷ്ടത്തുക ബന്ധപ്പെട്ട എഞ്ചിനീയറിൽനിന്നും ഈടാക്കാൻ ആവശ്യപ്പെട്ടതിന്മേൽ തുടർനടപടി സ്വീകരിച്ചത് 30-8-2010-ന് മാത്രമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത് പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ രക്ഷപ്പെടുത്തുവാനുള്ള ബോധപൂർവ്വമായ ശ്രമമായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനരഭിപ്രായകുറിപ്പിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വീഴ്ച വരുത്തിയതിന്റെ കാരണം പരിശോധിച്ച് ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് ഉന്നയിച്ച നഷ്ടത്തുക ബന്ധപ്പെട്ട എഞ്ചിനീയറിൽനിന്നും പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 58 | കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനയിൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമിതി തീരുമാനത്തിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കിയെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാകുറിപ്പിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 63 | മങ്കട ഗ്രാമപഞ്ചായത്ത് | ഡി.പി.സി. ആദ്യം അംഗീകരിച്ച 25 ഹരിജൻ വീടിന്റെ മേൽക്കൂര ഓടു മേയൽ എന്ന പദ്ധതി ഭേദഗതി വരുത്തി 25 ഹരിജൻ വീടുകൾക്ക് റിപ്പയർ എന്നാക്കി മാറ്റിയതായും പ്രോജക്ടിന് മാറ്റം വരുത്തിയതിന് ഡി.പി.സി.യുടെ സാധൂകരണം വാങ്ങിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിൽ മാറ്റം വരുത്തുമ്പോൾ ആയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുവാദം തേടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 19 | 64 | ,, | ആയതിനാൽ പരാമർശ വിധേയമായ സംഗതിയിൽ പദ്ധതിയിൽനിന്ന് വ്യതിചലിച്ച് പൂർത്തിയാക്കിയ 12 വീടുകളുമായി ബന്ധപ്പെട്ട ചെലവിന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണത്തിന് വിധേയമായി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 66 | പറപ്പൂർ ഗ്രാമപഞ്ചായത്ത് | റോഡ് നിർമ്മാണത്തിന് അധിക നിരക്ക് നൽകിയതുമായി ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ സർചാർജ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനെതിരെ ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും 6-10-2010-ന് അടുത്ത ഹിയറിംഗിന് വച്ചിരിക്കുകയാണെന്നും തെളിവെടുപ്പ് യോഗത്തിൽ പറപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. ആയതിനാൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്മേൽ എത്രയും വേഗം തീർപ്പുണ്ടാകുന്നതിനും കോടതി വിധിക്കനുസരിച്ച് പ്രസ്തുത പരാമർശത്തിന്മേൽ തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിനുമുള്ള അടിയന്തരനടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 73 | ,, | വിവിധ ആവശ്യങ്ങൾക്കായി 30-11-1998 മുതൽ 31-8-1999 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിൽ നിന്നും ബി വിഭാഗം ഫണ്ടുകളിൽ നിന്നും യഥാക്രമം 4,14,735 രൂപയും 5,66,336 രൂപയും ചെലവ് ചെയ്തതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ചെലവുകൾക്ക് ആധാരമായ വൗച്ചറുകളും മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മൊത്തം 9,81,071 രൂപയുടെ ഓഡിറ്റ് പരാമർശമാണ് വന്നിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കി. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 22 | 74 | പറപ്പൂർ ഗ്രാമപഞ്ചായത്ത് | വൗച്ചറുകളും അനുബന്ധ രേഖകളും ഇല്ലാതെ പൊതുപണം ചെലവ് ചെയ്യുന്നത് അങ്ങേയറ്റം ക്രമരഹിതവും ഉത്തരവാദിത്വമില്ലായ്മയുമാണെന്ന് സമിതി വിലയിരുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ചെലവുകൾ സംബന്ധിച്ച 23 വൗച്ചറുകളാണ് കാണാതായിട്ടുള്ളത്. ഓഡിറ്റ് തടസ്സം ഉന്നയിക്കപ്പെടുന്ന ക്രമവിരുദ്ധമായ ചെലവുകൾ നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി ശിപാർശ ചെയ്യാതിരുന്നതിന്റെ കാരണം സംബന്ധിച്ച വിശദീകരണം നല്കുവാൻ യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്കായില്ല. എന്നാൽ മതിയായ രേഖകൾ ലഭിച്ചാൽ മാത്രമേ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നാണ് യോഗത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുള്ളത്. ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ബാധ്യത നിശ്ചയിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാരുടെ പേര് വിവരങ്ങളും കാലയളവും ബാധ്യതയും കൃത്യമായും വ്യക്തമാക്കണമെന്നും സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 28-4-2011-ലെ പുനഃപരിശോധനാ റിപ്പോർട്ടിൻ പ്രകാരം പഞ്ചായത്തിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട സെക്രട്ടറിമാരിൽനിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ ഈടാക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറിമാർക്ക് തുക തിരിച്ചടവാക്കാൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 4-2-2011-ലെ എ.സി1/883/04 നമ്പർ കത്ത് നൽകിയതിന് ഒരാൾ മറുപടി നൽകിയിട്ടില്ലെന്നും ഒരു സെക്രട്ടറി നൽകിയ മറുപടിയിൽ ടിയാൻ രേഖകളെല്ലാം കൈമാറിയിട്ടുണ്ടെന്നും അതിനാൽ തുക അടവാക്കാൻ ബാധ്യസ്ഥനല്ലെന്നും മൂന്നാമത്തെയാളിന് നൽകിയ കത്ത് 'റെഫ്യൂസ്ഡ്' എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരിച്ച യച്ചിരിക്കുകയാണെന്നും മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും വൗച്ചറുകൾ ഒന്നും ലഭ്യമല്ലെന്നുമാണ് നിലവിലെ സെക്രട്ടറി റിപ്പോർട്ടു ചെയ്തിരിക്കുന്ന തെന്ന് പ്രസ്താവിക്കുന്നു. |
| 23 | 75 | പറപ്പൂർ ഗ്രാമപഞ്ചായത്ത് | പദ്ധതി വിഹിതത്തിൽ നിന്നും ബി. വിഭാഗം ഫണ്ടുകളിൽ നിന്നുമായി 9,81,071 രൂപ മതിയായ രേഖകളോ വൗച്ചറുകളോ ഇല്ലാതെ ചെലവാക്കുകയും ഓഡിറ്റ് തടസ്സത്തിനും സമിതിയുടെ പരാമർശത്തിനും വിധേയമാവുകയും ചെയ്തിട്ടും ഉത്തരവാദികളായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ തികച്ചും ഉദാസീനമായ പ്രതികരണത്തെ സമിതി അതീവ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. പൊതുപ്പണം കൈകാര്യം ചെയ്യുവാൻ നിയുക്തരായ ഉദ്യോഗസ്ഥർ ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതും രേഖകൾ സൂക്ഷിക്കേണ്ടതും അനിവാ ര്യമാണ്. പരാമർശ വിധേയ മായ സംഗതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവ പാലിച്ചില്ല എന്നു മാത്രമല്ല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തേയും സമിതിയുടെ നിർദ്ദേശപ്രകാരം ലഭിച്ച വിശദീകരണ കത്തിനേയും തികഞ്ഞ അലംഭാവത്തോടെയും ലാഘവബുദ്ധി യോടെയുമാണ് സമീപിച്ചിരിക്കുന്നത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽനിന്നും മനസ്സിലാകുന്നത്. ഇക്കാര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവും സമിതിയോടുള്ള അനാദരവും പ്രകടമാകുന്നു. വ്യവസ്ഥാപിതമായ സർവ്വീസ് ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുവാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ പ്രതികരിക്കുവാനുള്ള ആത്മധൈര്യം ലഭിച്ചതിൽ സമിതി അത്ഭുതപ്പെടുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെ യാതൊരു വകുപ്പുതല നടപടിയും സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |
| 24 | 76 | പറപ്പൂർ ഗ്രാമപഞ്ചായത്ത് | ആയതിനാൽ, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുക ചെലവാക്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഓരോരുത്തരുടെയും ബാധ്യത നിശ്ചയിച്ച് ആയതിനാധാരമായ രേഖകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഹാജരാക്കാനും ഇക്കാര്യത്തിലുണ്ടായ അസാധാരണമായ കാലതാമസത്തിന് വിശദീകരണമാരായാനും വകുപ്പുതല നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. ചെലവായ തുകയ്ക്ക് മതിയായ രേഖകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഹാജരാക്കാത്തപക്ഷം പ്രസ്തുത തുക ടി ഉദ്യോഗസ്ഥരുടെ ബാധ്യതയായി പരിഗണിച്ച് റവന്യൂ റിക്കവറി നടപടിയിലൂടെ പലിശസഹിതം തിരികെപ്പിടിക്കുവാനും വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | 78 | പറപ്പൂർ ഗ്രാമപഞ്ചായത്ത് | JRY ഫണ്ട് ഉപയോഗിച്ച് നടത്തിയ കുഴിപ്പുറം-മുക്കന്റെമാട് ആട്ടിരി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗും കൺസോളിഡേഷനും എന്ന ഇനത്തിന് പ്രാബല്യത്തിലുള്ള അനുവദനീയമായ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകിയ പേരിൽ സർച്ചാർജ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനെതിരെ ടിയാൻ മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് എത്രയുംവേഗം തീർപ്പാക്കുന്നതിനും കേസിൻമേലുള്ള കോടതി വിധിയനുസരിച്ച് തീരുമാനമെടുക്കുന്നതിനും നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 84 | പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് | ഇരട്ടപിലാവ്-മണ്ണാരക്കൽ ശിവക്ഷേത്രം റോഡ് ടാറിംഗ്, പെരുമണ്ണ വില്ലേജ് ഓഫീസ് കുന്നത്തിയാൽ റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിലെ മണ്ണിട്ടു നികത്തൽ എന്ന ഇനത്തിനു അനുവദനീയമായതിലും അധിക നിരക്കിൽ തുക നൽകിയ വകയിൽ 14,402 രൂപ, 10,697 രൂപ എന്നീ ക്രമത്തിൽ അധിക ചെലവ് വന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു. അനുവദനീയമായ നിരക്കുകളുടെ വ്യക്തമായ പട്ടിക ഉണ്ടായിരുന്നിട്ടും അധിക നിരക്ക് അനുവദിച്ചു നൽകിയത് പൊതുപ്പണം ദുർവിനിയോഗം ചെയ്യലാണെന്ന് സമിതി മനസ്സിലാക്കുന്നു. |
| 27 | 85 | " | ഓഡിറ്റ് പരാമർശത്തിന് വിധേയനായ എഞ്ചിനീയറിൽനിന്ന് തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെങ്കിലും അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ അനന്തരനടപടികൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്റ്റേ ചെയ്തിരിക്കുകയാണെന്നും സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത് കേസിന്മേലുള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം സംബന്ധിച്ച റിപ്പോർട്ടിൽ കേസ്സിന്റെ അന്തിമവിധി 5-10-2012-ന് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ 16(3) വകുപ്പ് പ്രകാരമോ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20(3) പ്രകാരമോ അല്ല റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ആയതിനാൽ ആർ. ആർ. നടപടി തുടരാൻ കഴിയില്ല എന്നുമാണ് കോടതി ഉത്തരവെന്നും സൂചിപ്പിച്ചിരിക്കുന്നു. ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെയും ചട്ടങ്ങളിലെയും ബന്ധപ്പെട്ട വകുപ്പുകൾ അനുശാസിക്കും പ്രകാരം ടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടും ചട്ടങ്ങളും പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 93 | പൊൻമള ഗ്രാമപഞ്ചായത്ത് | ഉപാധിരഹിത ഫണ്ടിൽനിന്നും മെറ്റീരിയൽ വാങ്ങുന്നതിനുള്ള കൂലി ചെലവുകൾക്കായി സെക്രട്ടറി പിൻവലിച്ച തുകയ്ക്ക് ആധാരമായ വിധത്തിൽ മൂല്യനിർണ്ണയം നടത്തിയതിന്റെ അളവുപുസ്തകം, ഫയൽ എന്നിവ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. രണ്ട് വർഷംകൊണ്ട് പൂർത്തിയാകേണ്ടിയിരുന്ന പദ്ധതികൾ 7 വർഷമായിട്ടും പൂർത്തീകരിച്ചിട്ടില്ല എന്നത് സമിതി വളരെ ഗൗരവത്തോടെ വീക്ഷിക്കുന്നു. |
| 29 | 94 | പൊൻമള ഗ്രാമപഞ്ചായത്ത് | ഓഫീസ് ഷിഫ്റ്റ് ചെയ്തതുമൂലം പല രേഖകളും കാണാതായി എന്നും എം. ബുക്കുകൾ വിശദമായി പരിശോധന നടത്താമെന്നും-സെക്രട്ടറി-ഇൻ-ചാർജ് തെളിവെടുപ്പുവേളയിൽ സമിതിക്ക് ഉറപ്പു നൽകിയിരുന്നു. രേഖകൾ ഒരിക്കൽ കൂടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും പൂർത്തിയാക്കാത്ത പ്രവൃത്തിക്ക് രേഖയില്ലെങ്കിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. |
| 30 | 95 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നടപടി ഒന്നും സ്വീകരിച്ചിട്ടില്ലെന്നും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതെന്ന് ഉറപ്പുവരുത്തി നഷ്ടത്തുക ഈടാക്കാനുള്ള നടപടികൾ ഒന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. |
| 31 | 96 | ” | പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ വ്യക്തമായ മറുപടി നൽകുവാനോ തുടർനടപടി സ്വീകരിക്കുവാനോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കൂടാതെ പൂർത്തിയാക്കാത്ത പ്രവൃത്തിക്ക് രേഖയില്ലെങ്കിൽ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കിയതിനുശേഷം സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു. |
| 32 | 101 | പൊൻമള ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം, ടാർ വില 19,071 രൂപയും കാലിബാരൽ വില 1,400 രൂപയും വിൽപ്പന നികുതി 140 രൂപയും 19-2-2011-ലെ 8021/60 നമ്പർ രശീതി പ്രകാരം കരാറുകാരൻ തിരിച്ചടച്ചതായി പരിശോധിച്ചു ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 103 | ,, | പുളിയത്തോട് പാലം, പറങ്കിമൂച്ചിക്കൽ മിനി ശുദ്ധജല വിതരണ പദ്ധതി എന്നീ പ്രവൃത്തികൾക്കായി മൊത്തം 2,50,000 രൂപ മുൻകൂറായി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുകയോ മുൻകൂർ തിരിച്ചു പിടിക്കുകയോ ചെയ്തിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് പരാമർശ വിധേയമായ രണ്ടു പ്രവൃത്തികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമയത്ത് കൃത്യമായി രേഖകൾ ഹാജരാക്കാൻ സാധിച്ചില്ലായെന്നും സെക്രട്ടറി-ഇൻ-ചാർജ് തെളിവെടുപ്പു യോഗത്തിൽ ബോധിപ്പിക്കുകയുണ്ടായി. |

| (1) | (2) | (3) | (4) |
|---|---|---|---|
| 34 | 104 | പൊൻമള ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 3-9-2010-ലെ പുനഃപരിശോധനയിൽ അളവ് പുസ്തകം 6/ജെ.ആർ.വൈ. 96975/9899 എന്നിവയിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയത് പരിശോധിക്കുകയും തൃപ്തികരമായി പൂർത്തിയാക്കിയതായി ബോദ്ധ്യപ്പെട്ടതായും ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 110 | ,, | 1997-1998-ലെ തേൻപറമ്പ് ശുദ്ധജല പദ്ധതിക്ക് 1999-2000 വരെ 5,56,190 രൂപ ചെലവഴിച്ചിട്ടും പണി പൂർത്തിയായില്ലെന്ന് സമിതി മനസ്സിലാക്കുന്നു. 1997-1998-ൽ 1.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഗുണഭോക്തൃസമിതി പദ്ധതി ഏറ്റെടുത്ത് 81,000 രൂപ മുൻകൂർ കൈപ്പറ്റിയെങ്കിലും പണി നടത്തിയില്ലെന്ന് സമിതി നിരീക്ഷിച്ചു. 1999-2000-ൽ 4,99,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ പണി തുടങ്ങിയെങ്കിലും 1997-1998-ൽ നൽകിയ മുൻകൂർ 81,000 രൂപ ക്രമീകരിച്ചില്ല. മുൻകൂർ കൈപ്പറ്റി 45 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്തവരിൽനിന്നും പ്രസ്തുത തീയതിക്ക് ശേഷം ബിൽ തീയതി വരെ 18% പലിശ ചുമത്തി ഈടാക്കേണ്ടതാണെന്ന് ബഹു. ഓംബുഡ്സ്മാന്റെ 10-8-2001-ലെ ഒ.പി. 1072/01-ന്റെ വിധി നിലവിലുള്ളതായി സമിതി നിരീക്ഷിച്ചു. എന്നാൽ 1999-2000-ൽ പദ്ധതിക്ക് 3,19,653 രൂപ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെലവ് കാണുന്നു. ഇതിൽ 1,27,000 രൂപ മുൻകൂർ നൽകിയതാണ്. എന്നാൽ ടാങ്ക് നിർമ്മിച്ചതായോ പൈപ്പ് വലിച്ചതായോ രേഖയില്ലെന്നും സെക്രട്ടറി നേരിട്ടു വാങ്ങിയ സാധനങ്ങൾ എം. ബുക്കിലോ സ്റ്റോക്ക് രജിസ്റ്ററിലോ ചേർത്ത് കാണുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. |
| 36 | 111 | പൊൻമള ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും നഷ്ടം ഈടാക്കുന്നതിന് സർച്ചാർജ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് തെളിവെടുപ്പ് യോഗത്തിൽ ഹാജരായ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം 1997-98 വർഷം അനുവദിച്ച 81,000 രൂപയുടെ മുൻകൂർ ഉപയോഗിച്ചു നടത്തിയ പ്രവൃത്തിയുടെ അളവ് ചെക്ക് മെഷർ ചെയ്തിട്ടില്ലെന്നും 21-5-2008-ലെ 5(12) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം 1,92,653 രൂപ 18% പലിശ സഹിതം റവന്യൂ റിക്കവറി നടപടികളിലൂടെ മുൻ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് ഐകകണ്ഠ്യേന തീരുമാനിച്ചു എന്നും സൂചിപ്പിച്ചിരുന്നു. ആയതിൻ പ്രകാരം സെക്രട്ടറി 8-9-2008-ലെ എ1/147/08 നമ്പർ കത്ത് മുഖേന കൊല്ലം ജില്ലാകളക്ടർക്ക് റവന്യൂ റിക്കവറി ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻമേലുള്ള തുടർനടപടികൾ സെക്രട്ടറി ആരാഞ്ഞിട്ടില്ല. മുൻ സെക്രട്ടറിയുടെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചെങ്കിലും അദ്ദേഹം പ്രസ്തുത തുക അടവാക്കി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | യിട്ടില്ലെന്നും എന്നാൽ പ്രസ്തുത വിഷയത്തിൽമേൽ സെക്രട്ടറി തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് പരാമർശത്തിന് വിധേയനായ മുൻ സെക്രട്ടറിക്കെതിരെ എൽ.എഫ്/20104/സ്പെ. സെൽ/എസ്.സി.5/05 തീയതി 17-8-2009/19-8-2009 നമ്പർ പ്രകാരം സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച സാഹചര്യത്തിൽ സർച്ചാർജ് നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പഞ്ചായത്ത് ഭരണ സമിതി ഐകകണ്ഠ്യേന തീരുമാനമെടുക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിനുത്തരവാദിയായ മുൻ സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി നടപടിക്ക് ജില്ലാ കളക്ടറോട് ശിപാർശ ചെയ്തെങ്കിലും ഇക്കാര്യത്തിൽ യാതൊരു തുടർ നടപടിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായ ബോധപൂർവ്വമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ റവന്യൂ റിക്കവറിയിലൂടെ നഷ്ടത്തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കർശന വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

### ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2002-03) കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | VII-1-10-1 ( i ) | | ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ബന്ധപ്പെട്ടഫയലുകളും, വൗച്ചറുക ളും ഈ ഓഫീസിൽ ലഭ്യമല്ലാത്ത തിനാൽ ഓഫീസിൽ നേരിട്ട് ഹാജ രായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യ മാക്കുന്നതിന് എ2- 312/02 തിയ്യതി 9/6/03 കത്ത് മുഖേനയും,എ1-122/08 കത്ത് മുഖേന 9/6/08 നും, ശ്രീ. ടി.എം . ചെറിയക്കൻ പുളിക്കൽ പി.ഒ. മുൻസെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന് ഇതു വരെ വിശദീകരണം ലഭിച്ചിട്ടില്ല. ആയതിനാൽ എ1-122/08 തിയ്യതി 20/6/08 നമ്പർ കത്ത് മുഖേന മലപ്പുറം ജില്ലാ കലക്ടർക്ക് റവന്യൂ റിക്കവറി നടപടി മുഖേന 45000/- രൂപ ഈടാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2 | 2002-03 | VII-1-10-1 (ii) | | ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതൾ പരിഹരിക്കുന്നതിന് എ1-312/02 തിയ്യതി 9/6/03 നും, എ1-122/08 ന് 9/6/08 നും, കത്ത് മുഖേന പഞ്ചായത്താഫീസിൽ ഹാജരായി വിശദീകരണം നൽകുന്നതിന്ന് കെ. കമ്മുണ്ണി മുൻ സെക്രട്ടറി. കൊടിയത്തൂർ പി.ഒ , കോഴിക്കോട് ജില്ല എന്നയാൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതു വരെ വിശദീകരണം നൽകിയിട്ടില്ല.<br>ആയതിനാൽ എ1-122/08 നമ്പർ കത്ത് തിയ്യതി 20/6/08 മുഖേന കോഴിക്കോട് ജില്ലാകലക്ടർക്ക് റവന്യൂ റിക്കവറി മുഖേന 36952/- രൂപ ഈടാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2002-03 | VII-1-10-1 (iii) | | ശ്രീ. അരുൺ ഷാജി, വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിൽ ചെലവഴിച്ച തുക ഈടാക്കുന്നതിനും, തുക അടവാക്കുന്നതിനും ജില്ലാ മൃഗ സംരക്ഷണ ഓഫീസർ മലപ്പുറം മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. എ1-122/08 തിയ്യതി 9/6/08 . |
| 4 | 2002-03 | VII-1-10-1 (iv) | | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകുന്നതിന് എ1-312/02 തിയ്യതി 9/6/03 നും, എ1-122/08 തിയ്യതി 9/6/08 നും, കെ. കമ്മുണ്ണി മുൻ സെക്രട്ടറി കൊടിയത്തൂർ പി.ഒ , കോഴിക്കോട് ജില്ല. എന്നയാൾക്ക് നിർദ്ദേശം നൽകിയി രുന്നു. എന്നാൽ ഇതുവരെ വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ എ1-122/08 തിയ്യതി 20/6/08 ന് കോഴിക്കോട് ജില്ലാ കലക്ടർക്ക് 55250/- രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 5 | 2002–03 | VII–1–10–1 (v) | | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്നും, വിശദീകരണം നൽകുന്നതിന്, എ1–312/02 തിയ്യതി 9/6/03 നും, എ1–122/08 തിയ്യതി 9/6/08 നും, കത്ത് മുഖേന കെ. കമ്മുണ്ണി മുൻ സെക്രട്ടറി ,പി.ഒ. കൊടിയത്തൂർ, കോഴിക്കോട് ജില്ല, എന്നയാൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതുവരെ പഞ്ചായത്തിൽ ഹാജരാ യി വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ എ1–122/08 തിയ്യതി 20/6/08 കത്ത് മുഖേന കോഴിക്കോട് ജില്ലാകലക്ടർക്ക് റവന്യൂറിക്കവറി പ്രകാരം 75804/– രൂപ ഈടാക്കുന്ന തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05)**
**കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന**
**ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 3-10-1-13 • f | | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, ശ്രീ. എം. ഉക്കാസ് മുൻ സെക്രട്ടറി കൈതപ്പൊയിൽ പി.ഒ, കോഴിക്കോട് ജില്ല, എന്നവർക്ക് എ1-312/02 നമ്പർ കത്ത് മുഖേന 9/6/03 നും, എ1-122/08 നമ്പർ കത്ത് മുഖേന 9/6/08 നും, പഞ്ചായത്തിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകുന്ന തിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതുവരെ ആയതിന് വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ 117000/- രൂപ റവന്യൂറിക്കവറി നടപടികൾ മുഖേന ഈടാക്കുന്നതിന് കോഴി ക്കോട് ജില്ലാകലക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002/2003 സമാഹൃത റിപ്പോർട്ടിൻമേൽ കോട്ടക്കൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരീഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | VII-1.10.2.(i) | | ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയരക്ടറുടെ 29/01/2003 ലെ LF-M/14/288/2003 ലെ നമ്പർ കത്ത്. പ്രകാരം പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കിയിട്ടുണ്ട് |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002/2003 സമാഹൃത റിപ്പോർട്ടിൻമേൽ കോട്ടക്കൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2002-2003 | VII-1.10.2.(ii) | | ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയരക്ടറുടെ 29/01/2003 ലെ LF-M/14/288/2003 ലെ നമ്പർ കത്ത്. പ്രകാരം പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കിയിട്ടുണ്ട് |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൻമേൽ (2002 – 03) മങ്കട ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സാമാഹ്യത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002 -03 | VII-1-10.3 (i) | | ഡി.പി.സി ആദ്യം അംഗീകരിച്ച 25 വീടിന്റെ മേൽകൂര മേയൽ എന്ന പ്രോജകട് ഭേദഗതി വരുത്തിയതിന് DPC യുടെ അംഗീകാരം ലഭ്യമാക്കിയിരുന്നില്ല. കൂടാതെ ഗുണഭോക്തൃവിഹിതം പ്ലാൻഫണ്ടിൽ നിന്നും നൽക്കുകയും ചെയ്തിരുന്നു. ഗുണഭോക്തൃ വിഹിതം ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ഗുണഭോക്തൃവിഹിതം പ്ലാൻ ഫണ്ടിൽ നിന്നും നൽകാൻ 29 - 12 - 99 ലെ 13-ാം നമ്പർ പ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് (2002-03)- ന്മേൽ പറപ്പൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | VII-1-10-5-(i) | | ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. എം. ഉക്കാസിന്റെ പേരിൽ സർചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ട്. L.F. 13941/Spl. Cell-(se-57/04 തിയ്യതി 13-01-07 ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ R.R.നടപടിക്ക് ബഹു: മലപ്പുറം ജില്ലാകലക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. എ1-30/07 തിയ്യതി 13-12-07 സർചാർജ്ജ് നടപടിക്കെതിരെ ശ്രീ. ഉക്കാസ് ബഹു: മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. O.P. (Audit) No. 52/2007. കേസ് കൗണ്ടർഫയൽ ചെയ്തിട്ടുണ്ട്. അടുത്ത അവധി 23/07/2008 ആണ്. |
| 2 | | VII-I-10-5-(ii) | | വൗച്ചറുകളും അനുബന്ധ രേഖകളും കണ്ടുകിട്ടിയിട്ടില്ല. ബന്ധപ്പെട്ടസെക്രട്ടറിയ്ക്ക് കത്തയച്ചിട്ടുണ്ട്. കത്ത് നമ്പർ എ.241/05 തിയ്യതി 01/10/2005 |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2002–03 | VII-I-10-5-(iii) | | ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. എം. ഉമ്മാസിന്റെ പേരിൽ സർചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ട്. L.F. 13941/Spl. Cell-(sc-57/04 തീയതി 3-01-07 ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ R.R. നടപടിക്ക് ബഹു: മലപ്പുറം ജില്ലാകലക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. എ1-30/07 തീയതി 13-12-07 സർചാർജ്ജ് നടപടിക്കെതിരെ ശ്രീ. ഉമ്മാസ് ബഹു: മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. O.P. (Audit) No. 52/2007. കേസ് കൗണ്ടർഫയൽ ചെയ്തിട്ടുണ്ട്. അടുത്ത അവധി 23/07/2008 ആണ്. |

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 സമാഹൃത റിപ്പോർട്ടിൻമേൽ പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾകൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | VII-I-10-6(i) | | എഞ്ചിനീയറിൽ നിന്നും ലഭിച്ച മറുപടി പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 12/03/2008 ലെ LFM 11/2057/07 നമ്പർ കത്ത് പ്രകാരം അനുവദിച്ചതിലും അധികം നൽകിയ തുക 25099/- രൂപ ബന്ധപെട്ട എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന്നും ഉത്തരവായിട്ടുണ്ട്<br>ഈ കത്ത് ബന്ധപെട്ട എഞ്ചിനീയറുടെ അറിവിലേക്കായി 27/03/08 ലെ AI-135/04 പ്രകാരം അയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ഒന്നും ലഭിക്കാത്തതിനാൽ സംഖ്യ ഈടാക്കാനായിട്ടില്ല. തുടർന്ന് പ്രസ്തുത തുക വി അബൂബക്കർ എഞ്ചിനീയറിൽ നിന്നും R. R പ്രകാരം ഈടാക്കി തരുന്നതിന് വേണ്ടി ബഹുമാനപെട്ട മലപ്പുറം ജില്ലാ കളക്ടർ അവർകളോട് 30/06/08 ലെ A1 135/04 പ്രകാരം അപേക്ഷിച്ചിട്ടുണ്ട് |

66

[illegible]

[illegible] 2002–03 [illegible]

[illegible]

| [illegible] | [illegible] | [illegible] | | [illegible] |
|---|---|---|---|---|
| 1 | 2002–03 | VII-I 10.(i) (ii) | | [illegible] 7 [illegible] – [illegible] 98–99 [illegible] 7 [illegible] – [illegible] 147/2008 [illegible] 02.07.08 [illegible] |

[illegible]

[illegible] 2002-03 [illegible]

[illegible]

| [illegible] | [illegible] | [illegible] | | [illegible] |
|---|---|---|---|---|
| 2 | 2002-03 | VII-I 10.(i) | | [illegible] (1071-1540) [illegible] 147/2008 [illegible] 02.07.08 [illegible] |
| 3 | 2002-03 | VII-I 10.(iii) | | [illegible] [illegible] 1999-2000 [illegible] |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2003–04ലെ സമാഹൃത റിപ്പോർട്ടിന്മേൽ

പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് തുടർ പരിഹാര നടപടി പട്ടിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | | റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003–04 | 3.10.9 | | 1997–98 വർഷത്തെ ടി കുടിവെള്ള പദ്ധതിക്ക് 81,000 രൂപ മുൻകൂർ അനുവദിച്ചിരുന്നതിലും പ്രസ്തുത വർഷം 85,051 രൂപയുടെ പ്രവർത്തി പൂർത്തീകരിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ ചെക്ക് മെഷർ ചെയ്തിട്ടില്ല. 98–99 വർഷത്തെ 2,50,000 രൂപയ്ക്കുള്ള പ്രോജക്ട് അനുസരിച്ച് 2,27,607 രൂപയുടെ പ്രവർത്തി നടത്തിയത് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 99–00 വർഷത്തെ 4,60,000 രൂപയ്ക്കുള്ള പ്രോജക്ട് അനുസരിച്ചും 67,000 രൂപ മുൻകൂർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷം 89,663 രൂപയ്ക്കുള്ള പ്രവർത്തി പൂർത്തീകരിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്ക് ബാക്കി 1,92,663 രൂപയ്ക്കുള്ള സാധനങ്ങൾ വെയർഹൗസിൽ നിന്നും വാങ്ങിയിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് കൊല്ലം സെക്രട്ടറി ഓഫീസിൽ എഞ്ചിനീയറുടെ കത്ത് A1 147/04 dt. 14.05.08 പ്രകാരം ഓഡിറ്റ് കണ്ട് നൽകിയിട്ടും നടപടി ലഭിച്ചിട്ടില്ല.<br>വസ്തുതകൾ പരാമർശിച്ച തുകയും ഉത്തരവാദിയായ സെക്രട്ടറി ശ്രീ ............... നിന്നും ഈടാക്കുന്നതിന് ചാർജ്ജ് / സർചാർജ്ജ് നടപടികൾ ശുപാർശ ചെയ്തുകൊണ്ട് ജോയിന്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് 15.10.05ലെ എൽ.എഫ്.എ. / 17 / 785 / 05 നമ്പർ കത്ത് പ്രകാരം എഴുതിയിട്ടുണ്ട്.<br>കൂടാതെ വിജിലൻസ് പോലീസ് വകുപ്പ് വിശദമായ നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട കൊല്ലം ജില്ലാ കളക്ടർക്ക് 28.06.08ലെ എ1 147/2004 നമ്പർ കത്ത് പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. |